HYDEL BULLET

Issue - 6, Vol - 12, July 2024

A Monthly Publication of the Kerala State Elecrictiy Board Engineers' Association

KSEB Engineers' Association Office Bearers 2023 - 24

ASSOCIATION

President
Er G Shaj Kumar

Vice-Presidents
Er Viji Prabhakaran (South)
Er Hariprasad M (North)

General Secretary
Er M Muhammad Rafi

Treasurer
Er Anoop Vijayan

Organizing Secretaries
Er Nishanth B (South)
Er Sajithkumar M (North)

Secretaries
Er Kunjunni P S (HQ)
Er Induchoodan D R (South)
Er Shameer N (North)

BENEVOLENT FUND

Chairman
Er Jayasankar K R

Vice Chairman
Er Subha T G

Secretary
Er Haridas Vijayan

Treasurer
Er Pradeep S V

Joint Secretaries
Er Anoop A (South)
Er Smruthi M (North)

EDITORIAL BOARD

Chief Editor
Er Rajesh D S

Associate Editors
Er Mahesh T
Er. Sarath Dev
Er Divya Ramadas C
Er Preetha D

Ex. Officio Members
Er Induchoodan D R
Er Kunjunni P S

HYDEL BULLET

(A Monthly Publication of the KSEB Engineers' Association)

Issue - 6 Vol - 12 July 2024

Editorial

Hope in Horizon

The Association recently conducted its 71st Annual General Body Meeting at Chittillapally Square, Ernakulam, which was a tremendous success with significant member participation. New office bearers for the year 2023-24 have been elected, and it is anticipated that they will carry forward the ethos of the Association with renewed enthusiasm and vigor.

KSEBL is entering a new phase of business opportunities with the appointment of a new Chairman and Managing Director (CMD), and the appointment of new Directors is also expected soon. For the past year, KSEBL has experienced stagnation on various fronts, becoming a cocoon from which escaping and surviving will require substantial effort. Restarting the wheel of progress is a challenging task that demands exceptional motivation, vision, and focus.

The initial signs from the new CMD are promising. He has expressed interest in infrastructure investment, which had been neglected during the tenure of the previous CMD. KSEBL urgently needs investment across all sectors to keep pace with the evolving power sector landscape. The Association also believes that investments should be made prudently, as the

sector's needs are rapidly changing, and heavy investment in certain areas may not benefit KSEBL. However, the grand vision of enhancing generation capacity championed by the new CMD requires a sound strategy for support.

After many years of effort, the Pallivasal Extension Scheme and Thottiyar projects are nearing completion, and it is expected that KSEBL will receive energy from these projects within this water year. However, issues with the Bhoothathankettu project remain unresolved. This project has faced serious difficulties due to two years of indecision. It was on the verge of resumption in 2022, after the then CMD negotiated with all stakeholders, but progress stalled under the previous CMD. The Association brought this matter before the Management, but nothing fruitful has been done. The project risks becoming a national waste unless the Chinese supplier agrees to provide the originally designed missing equipment, and the contractor revamps his team to complete the work. Reviving this project after years of inaction would be nothing short of a miracle.

The CMD has identified and criticized certain poor project management practices within KSEBL, particularly regarding generation projects. He insists that these conventional approaches must change. He has pinpointed some of the problems plaguing projects and is determined to mitigate them. Continuous monitoring and follow-ups on various projects have already begun, and he has assured timely decisions on all project-related issues. This proactive stance has already instilled new dynamism among the engineers.

The purchase policy change implemented by the former CMD was an unnecessary attempt made without proper analysis of the quantity and quality of materials. Naturally, the policy has been suspended. We urge that this policy be abandoned entirely. Discussions are needed to address the issues in various purchases and fill the gaps. An organization cannot function without trust in its employees, and the action regarding the purchase policy has evoked a positive response from the field staff. This needs to be followed up with appropriate interventions to remove related impediments.

Another area now receiving attention is financing. The CMD is confident in securing sufficient funds for new projects and has begun discussions with various agencies. KSEBL, with a turnover of nearly 20,000 crores and a decent credit rating, can attract viable funding for its projects if explored judiciously. We have already secured attractive foreign funding for some projects. We hope that the overall issues

CONTENTS

01 – *Page 6*
വാർഷിക പൊതുയോഗ റിപ്പോർട്ട്

02 – *Page 7*
തീജ്വാല
സ്വർണ്ണം വീട്ടിൽ വച്ചിട്ടെന്തിനാ ?
Er എൻ.ടി. ജോബ്

03 – *Page 10*
വൈദ്യുത ബില്ലിംഗ് : സങ്കീർണ്ണതകൾ എന്തുകൊണ്ട് ?
Er സി.പി.ജോർജ്

04 - *Page 16*
ആത്മബന്ധം
Er ശ്രീലക്ഷ്മി കെ.എസ്.

05 - *Page 17 (കവിത)*
സത്യം
Er കെ.എൻ. രാമദാസ്

06 - *Page 18*
(സുഭാഷിതം)
ജീവിതം സന്തോഷകരമാക്കുവാൻ
Er കെ. ശശിധരൻ

07 - *Page 19*
പ്രയോജനപ്പെടുത്താത്ത പാർപ്പിടങ്ങൾ
Er ഇ.എം. നസീർ

08 - *Page 21 (കവിത)*
വെമ്പൽ
Er ദീപിക ഡി.റ്റി.

09 - *Page 22*
Mutualistic World and Narcissistic Man
Er Thomas Kolanjikombil

10 - *Page 24 (കവിത)*
എന്തിനോ തുടിക്കുന്ന പെരുവിരൽ
Er സുരേഷ്കുമാർ

11 - *Page 26*
ഗാനമാധുരി **16**
വിഷു - ആഘോഷവും ഐതീഹ്യവും പാട്ടുകളും (രണ്ടാംഭാഗം)
Er പി.വി. പ്രമോദ്

12 - *Page 29*
വീക്ഷണം
സർക്കാർ ഉദ്യോഗസ്ഥരും ശമ്പളവും
Er വിവേക് വി.എസ്.

13 - *Page 33*
Energy Briefs -6
Er Subha T.G.

of the State will not hinder KSEBL's financing options.

The unprecedented rise in demand during the last summer was a learning experience. Many of our Distribution and Transmission infrastructures were tested to their limits. Although we managed the situation, we lacked confidence in addressing the evolving problems. Informed decision-making based on data was lacking, and it felt like we were constantly firefighting. We cannot continue in this manner and need to bring data-driven decision-making to the forefront of our plans. In this era of Artificial Intelligence and Machine Learning, data has become integral to any business entity, and KSEBL needs to capture and consolidate data across its sectors and functions. The CMD and new top management should embrace this and lead the way toward future technologies with zeal.

Overall, the Association feels that the change has brought refreshing enthusiasm among all. We hope that the new CMD will usher in positive energy and boost morale for all employees.

വാർഷിക പൊതുയോഗം 2024 കുറിപ്പ്

കെ.എസ്.ഇ.ബി. എഞ്ചിനിയേഴ്സ് അസോസ്സിയേഷന്റെ 71- ാമത് പൊതുസമ്മേളനം എറണാകുളം ചിറ്റിലപ്പിള്ളി സ്‌ക്വയറിൽ വച്ച് ബഹുമാനപ്പെട്ട വൈദ്യുതിവകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി അവർകൾ ഉദ്ഘാടനം നിർവഹിച്ചു. ജലവൈദ്യുത പദ്ധതികൾ പുതിയവ തുടങ്ങുകയും, നിലവിലുള്ളവ എത്രയും പെട്ടെന്ന് പൂർത്തിയാക്കണമെന്നും ഉദ്ഘാടനപ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. ഒപ്പം സ്മാർട്ട്മീറ്റർ നടപ്പിലാക്കുന്ന പദ്ധതിയുമായി മുന്നോട്ടു പോകുമെന്നും വൈദ്യുത വിതരണപ്രസരണ നഷ്ടം കുറച്ച് ബോർഡിനെ ശക്തിപ്പെടുത്തും എന്നും നൂതന സാങ്കേതിക വിദ്യകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ERP എന്നിവ നടപ്പാക്കുമെന്നും അദ്ദേഹം അറിയിച്ചു. വർദ്ധിച്ചു വരുന്ന ഡിമാൻഡ് നേരിടുന്നതിനായി പുതിയ പദ്ധതികൾ ഹ്രസ്വ ദീർഘകാല അടിസ്ഥാനത്തിൽ അടിയന്തിരമായി നടപ്പിലാക്കാൻ ബോർഡിന് നിർദേശങ്ങൾ നൽകികഴിഞ്ഞുവെന്നും അദ്ദേഹം അറിയിച്ചു.

"ഇലക്ട്രിക്ക് യൂട്ടിലിറ്റുകളിലെ നൂതന സാങ്കേതിക വിദ്യ'' എന്ന സെമിനാർ ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ Dr. ജഗതി രാജ് വി.പി. ഉദ്ഘാടനം ചെയ്തു. സെമിനാറിൽ അമൃത യൂണിവേഴ്സിറ്റി മുൻ പ്രൊഫസർ Dr. ശശി കോട്ടായിൽ മുഖ്യ പ്രഭാഷണം നടത്തി. കെ.എസ്.ഇ.ബി. വിതരണ വിഭാഗം ഡയറക്ടർ Er സുരേന്ദ്ര പി. ആശംസാപ്രസംഗം നടത്തി. അസോസ്സിയേഷൻ പ്രസിഡന്റ് Er ഷാജ് കുമാർ ജി. അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി Er എം. മുഹമ്മദ് റാഫി സ്വാഗതം ആശംസിച്ചു. അസോസ്സിയേഷൻ മുൻ പ്രസിഡന്റ് Er കെ. സുനിൽ സംസാരിച്ചു. Er പ്രദീപ് കുമാർ നന്ദി പ്രകടിപ്പിച്ചു. സമീപ കാലത്ത് വൈദ്യുതി ബോർഡ് നേരിട്ട ഊർജപ്രതിസന്ധി നേരിടാൻ ഉതകുന്ന നിർദ്ദേശങ്ങൾ അടങ്ങിയ പദ്ധതി അസോസിയേഷൻ ചർച്ചയിലൂടെ രൂപം നൽകുകയും തുടർന്ന് ബോർഡ് മാനേജ്മെന്റിനു സമർപ്പിക്കുവാനും തീരുമാനിച്ചു.

അസോസിയേഷന്റെ വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ച് AGB യുടെ അംഗീകാരം നേടി. തുടർന്ന് ഇലക്ഷൻ പ്രക്രിയയിലൂടെ താഴെ പറയുന്ന അസോസ്സിയേഷൻ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

പ്രസിഡന്റ്
Er. ജി. ഷാജ് കുമാർ
ജനറൽ സെക്രട്ടറി
Er. മുഹമ്മദ് റാഫി എം.,
വൈസ് പ്രസിഡന്റുമാർ
Er. വിജി പ്രഭാകരൻ, Er. ഹരിപ്രസാദ് എം.
സെക്രട്ടറിമാർ
Er. കുഞ്ഞുണ്ണി പി. എസ്., Er. ഷമീർ,
Er. ഇന്ദുചൂഡൻ ഡി.ആർ.
ഓർഗനൈസിംഗ് സെക്രട്ടറി
Er നിഷാന്ത് ബി., Er സജിത്ത് കുമാർ എം.,
ട്രഷറർ
Er അനൂപ് വിജയൻ.

തീജ്വാല

സ്വർണ്ണം വീട്ടിൽ വെച്ചിട്ടെന്തിനാ !

Er എൻ.ടി. ജോബ്
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)
ntjobthirur@gmail.com

ഇന്ത്യയിലെ കൽക്കരി നിക്ഷേപത്തിന്റെ അളവു കണക്കാക്കിയിരിക്കുന്നത് മുപ്പത്തിയെണ്ണായിരത്തി എണ്ണൂറ്റി പതിനൊന്നു കോടി മെട്രിക്ടൺ എന്നാണ്. ഒരു വർഷം നമ്മുടെ രാജ്യത്ത് ആവശ്യമായ കൽക്കരിയുടെ അളവ് നൂറുകോടി ടൺ ആണ്. അതായത് ഇന്ത്യയിലെ കൽക്കരി നിക്ഷേപം മുന്നൂറ്റി എൺപത്തിയെട്ടു വർഷങ്ങൾ ഉപയോഗിക്കുവാനുള്ളത്രയും ഉണ്ടെന്നർത്ഥം. ആഗോളതലത്തിലെ തീരുമാനമനുസരിച്ച് രണ്ടായിരത്തി അമ്പതോടു കൂടി കൽക്കരി ഉപയോഗിച്ചുള്ള വൈദ്യുതി ഉല്പാദന നിലയങ്ങൾ പകുതിയായി കുറയ്ക്കണം. രണ്ടായിരത്തി എഴുപതാകുമ്പോൾ കൽക്കരി നിലയങ്ങളെല്ലാം തന്നെ നിറുത്തലാക്കണം. അതിന്റെയർത്ഥം നമ്മുടെ രാജ്യത്ത് നിക്ഷേപമായിട്ടുള്ള കൽക്കരി രണ്ടായിരത്തിയെഴുപതുവരെ മാത്രമെ ഉപയോഗിക്കുവാൻ സാധിക്കുകയുള്ളു, കഷ്ടി അമ്പതു വർഷത്തേക്കുമാത്രം. ബാക്കിയുള്ള കൽക്കരി മുഴുവനായും, അതായത് മൂന്നൂറു വർഷം ഉപയോഗിക്കാവുന്ന കൽക്കരി ഉപയോഗിക്കാനാവാതെ മണ്ണിനടിയിൽ അവശേഷിക്കും.

മറ്റു രാജ്യങ്ങൾ കൽക്കരി നിക്ഷേപം ഒഴിവാക്കുന്നതിനായി പല രാജ്യങ്ങളിലേക്കും കയറ്റി അയച്ചുകൊണ്ട് പരമാവധി ഉപയോഗിക്കുകയാണ്. ഇങ്ങിനെയുള്ളപ്പോഴാണ് ഇന്ത്യ കൽക്കരി ഇറക്കുമതി ചെയ്യുന്നത്. പ്രതിവർഷം ആവശ്യമുള്ള നൂറുകോടി ടൺ കൽക്കരിയിൽ ഇരുപത്തി രണ്ട് കോടി ടൺ ഇന്തോനേഷ്യയിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ്. നമ്മുടെ രാജ്യത്ത് ആവശ്യത്തിലധികം കൽക്കരിയുള്ളപ്പോൾ ഇറക്കുമതി ചെയ്യുന്നത് എന്തിനാണെന്നത് മില്യൻ ഡോളർ ചോദ്യമാണ്.

ഇന്ത്യയിലെ കൽക്കരി നിക്ഷേപം	3811 കോടി ടൺ
പ്രതിവർഷം കൽക്കരിയുടെ ആവശ്യം	100 കോടി ടൺ
എത്രവർഷത്തേക്കുള്ള സ്റ്റോക്ക്	388 വർഷം

നമ്മുടെ രാജ്യത്ത് നിലവിൽ രണ്ടു ലക്ഷത്തി ഇരുപത്തിയൊന്നായിരം മെഗാവാട്ട് ശേഷിക്കുള്ള കൽക്കരി നിലയങ്ങളാണ് ഉള്ളത്. അതിൽതന്നെ നാലായിരത്തിയഞ്ഞൂറ് മെഗാവാട്ട് ശേഷിക്കുള്ള നിലയങ്ങൾ, ലൈഫ് പിരിയഡ് ആയ ഇരുപത്തിയഞ്ചു വർഷം പിന്നിട്ടിട്ടുള്ളതാണ്. ഇവയെല്ലാം അടച്ചു പൂട്ടുന്നതിനാണ് തീരുമാനിച്ചിരുന്നതെങ്കിലും ഈ വർഷത്തെ പീക്ക് ഡിമാന്റ് ഉയർന്നതു കൊണ്ട് രണ്ടായിരത്തിമുപ്പതുവരെ അടച്ചു പൂട്ടേണ്ടതില്ല എന്നും തീരുമാനിച്ചിരിക്കുകയാണ്. അടുത്ത് മൂന്നുവർഷം കൊണ്ട് അമ്പത്തി രണ്ടായിരം മെഗാവാട്ട് ശേഷിയുള്ള നിലയങ്ങൾ കമ്മീഷൻ ചെയ്യുവാൻ ലക്ഷ്യം വെച്ചിട്ടുണ്ട്. അതിൽ പതിനേഴായിരം മെഗാവാട്ട് കേന്ദ്രത്തിന്റെ കീഴിലാണ് വരുന്നത്.

ഇതിൽ നിന്നും നമ്മുടെ സംസ്ഥാനത്തിനും വിഹിതം ലഭിക്കുമെന്നു പ്രതീക്ഷിക്കാം.

ഇത്തവണ പീക്ക് ഡിമാന്റ് രണ്ടര ലക്ഷം മെഗാവാട്ടിലെത്തിയെന്നത് വളരെ ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു. അതിൽ ശ്രദ്ധിക്കേണ്ട വിഷയം അഖിലേന്ത്യാ തലത്തിൽ പീക്ക് ഡിമാന്റ് വന്നിരിക്കുന്നത് ഉച്ചതിരിഞ്ഞ് രണ്ടു മണിക്കാണ്. ഇത് നമുക്കു അത്ഭുതമാണ്, നമ്മളെല്ലാം വൈകുന്നേരങ്ങളിലും രാത്രിയിലും പീക്ക് ഡിമാന്റ് കാണുന്നവരാണ്. മെയ് മുപ്പതിനാണ് ഈ വർഷം പീക്ക് ഡിമാന്റ്.

പീക്ക് ഡിമാന്റ് നാഷണൽ ഗ്രിഡ്	250070 MW
പീക്ക് ഡിമാന്റ് സമയം	14:57 hrs
ഡിമാന്റ് നാഷണൽ ഗ്രിഡ്	226091 MW
സമയം	20:00 hrs
വൈദ്യുതി ഉപയോഗം (ദിവസം)	5,466 MU

വിവിധ സംസ്ഥാനങ്ങളിൽ മെയ് മുപ്പതിനുണ്ടായ പീക്ക് ഡിമാന്റ്

പഞ്ചാബ്	13,905 MW
രാജസ്ഥാൻ	17,460 MW
ഹരിയാന	12,164 MW
ഡൽഹി	8,017 MW
ഉത്തർപ്രദേശ്	28,584 MW
ഉത്തരാഖണ്ഡ്	2,726 MW
ഗുജറാത്ത്	24,208 MW
മഹാരാഷ്ട്ര	28,024 MW
ആന്ധ്രപ്രദേശ്	13,231 MW
തെലുങ്കാന	11,041 MW
കർണാടക	13,099 MW
കേരളം	3,969 MW
തമിഴ്നാട്	19,299 MW
പശ്ചിമബംഗാൾ	11,524 MW

നമ്മുടെ സംസ്ഥാനത്ത് രാത്രികാലങ്ങളിലുണ്ടാകുന്ന പീക്ക് ഡിമാന്റിനുള്ള കാരണം ഗാർഹിക ഉപയോഗം വളരെ കൂടുതലായതാണ്. വ്യവസായിക ഉപയോഗം കുറവായതു കൊണ്ട് പകൽ നേരങ്ങളിൽ നമ്മുടെ ഉപയോഗം കുറവാണ് . പകൽ നേരങ്ങളിൽ നമുക്കു വൈദ്യുതി മിച്ചമായതുകൊണ്ട് മറ്റു സംസ്ഥാനങ്ങൾക്ക് പകൽ നേരങ്ങളിൽ വൈദ്യുതി കൊടുത്തുകൊണ്ട് വൈകുന്നേരങ്ങളിൽ തിരിച്ചെടുക്കുവാനുള്ള സാധ്യതകൂടി പരിശോധിക്കാവുന്നതാണ്. നമുക്കുണ്ടാകുന്ന പീക്ക് സമയത്ത് സോളാർ ജനറേഷന്റെ മെച്ചം ലഭിക്കാത്ത സമയമായതുകൊണ്ട് സോളാർ ജനറേഷൻ ഉള്ള സമയത്ത് മറ്റു സംസ്ഥാനങ്ങൾക്ക് അത്രയും വൈദ്യുതിയെങ്കിലും കൊടുക്കുവാൻ കഴിഞ്ഞാൽ പീക്ക് സമയത്ത് അത് തിരിച്ചുലഭിക്കുകയും ചെയ്യും.

അഖിലേന്ത്യാ തലത്തിൽ കൽക്കരിയാണ് സ്വർണമെങ്കിൽ കേരളത്തിലേക്കു വരുമ്പോൾ അത് വെള്ളമാണ്. നാല്പത്തിനാലു നദികളിൽ പത്തുശതമാനം പോലും ഉപയോഗിക്കുന്നില്ല എന്നതാണ് വിശകലനം ചെയ്യേണ്ട വിഷയം. കാലവർഷവും തുലാവർഷവും വഴി ലഭിക്കുന്ന മഴയിലൂടെ നദികളിലൂടെ എത്തുന്ന വെള്ളം ഭൂരിഭാഗവും അറബിക്കടലിലേക്ക് ചെന്നു ചേരുന്നു. ചെന്നു ചേരുന്നത് അറബിക്കടലിലാണെങ്കിലും ഈ വെള്ളം ഉപയോഗിച്ചുകൊണ്ടുള്ള വൈദ്യുതി ഉല്പാദനം സാധ്യതയുടെ പത്തിലൊന്നു പോലും ഇല്ല എന്നതാണ് വസ്തുത. നമുക്കാകെയുള്ളത് രണ്ടായിരത്തി ഒരുനൂറു മെഗാവാട്ട് ശേഷിയുള്ള ജലവൈദ്യുതി നിലയങ്ങളാണ്. ഇതിൽ ഏഴുനദികളിൽ മാത്രമാണ് ജലവൈദ്യുതി ഉല്പാദനത്തിനുള്ള ഡാമുകൾ സ്ഥിതിചെയ്യുന്നത്. ബാക്കിയുള്ള നദികളിൽ പലതിലും സാധ്യതകൾ ഉണ്ടെങ്കിലും പദ്ധതികൾ ഉദയം ചെയ്തിട്ടില്ല.

സൈലന്റ് വാലി, പൂയംകുട്ടി, പാത്രക്കടവ്, അതിരപ്പിള്ളി എല്ലാം കൂടി ആയിരത്തിയഞ്ഞൂറു മെഗാവാട്ട് പദ്ധതികളാണ് ഉപേക്ഷിച്ച നിലയിലുള്ളത്, ഇനിയും കുറെയേറെ പദ്ധതികൾ കണ്ടെത്തിയിട്ടുണ്ട്, നൂറോളം ചെറുകിട പദ്ധതികൾ വഴി ആയിരത്തോളം മെഗാവാട്ട് ശേഷി കൈവരിക്കാൻ സാധിക്കുന്ന പ്രോജക്റ്റുകൾ എങ്ങുമെത്താതെ നിൽക്കുന്നത് നമുക്കു നാണക്കേടാണ്. അതിനിടയിൽ തൊട്ടിയാർ പദ്ധതിയും പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയും കൂടി നൂറു മെഗാവാട്ട് അടുത്തു തന്നെ കമ്മീഷൻ ചെയ്യുമെന്നുള്ള വാർത്ത സന്തോഷം നല്കുന്നു. തൊട്ടിയാർ പദ്ധതിയിൽ ഒരു ജനറേറ്റർ ഈ മാസം തന്നെ ടെസ്റ്റിംഗ് ആരംഭിക്കും. പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുടെ ടണൽ വെള്ളം നിറച്ചുകൊണ്ടുള്ള പരിശോധനകൾ നടന്നുകൊണ്ടിരിക്കുന്നു.

ഒന്നോ രണ്ടോ മാസത്തിനുള്ളിൽ ഈ രണ്ടു പദ്ധതികളും സർവ്വീസിൽ വരുമെന്നുളളത് പതിറ്റാണ്ടുകളായി നിശ്ചലമായി കിടന്നിരുന്ന ഈ പദ്ധതികൾക്കുള്ള പുനർജന്മമാവും. നിലവിൽ ലക്ഷ്മി എസ്റ്റേറ്റിലെ പദ്ധതിയാണ് കൂടുതൽ കപ്പാസിറ്റിയുള്ളത്, ഇരുന്നൂറ്റി നാല്പത് മെഗാവാട്ട്, അതിന്റെ പ്രാഥമിക അവലോകനങ്ങൾ നടക്കുന്നതേയുള്ളുവെങ്കിലും എത്രയും വേഗത്തിൽ നടപ്പിലാക്കാനുള്ള ശ്രമമുണ്ടാവുമെന്നു കരുതാം.

പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിക്കുള്ള ആകെ ചെലവ് നാന്നൂറ്റി ഇരുപതു കോടി രൂപയാണ്. ഈ പദ്ധതിയിൽ നിന്നും നൂറ്റി അമ്പത്തിനാലു മില്യൻ യൂണിറ്റ് അഥവാ പതിനഞ്ചുകോടി യൂണിറ്റ് വൈദ്യുതി പ്രതിവർഷം ലഭ്യമാവും. പുറമെനിന്നും വാങ്ങുന്ന വൈദ്യുതിയുടെ വിലവെച്ചു നോക്കിയാൽ ഒരു യൂണിറ്റ് വൈദ്യുതിക്ക് അഞ്ചു രൂപയുടെ ഗുണമുണ്ടാവും. അങ്ങിനെയാണെങ്കിൽ പത്തു വർഷം കൊണ്ട് എഴുന്നൂറ്റി അമ്പതു കോടി രൂപയുടെ റിട്ടേൺലഭിക്കും. പിന്നീടുള്ള പദ്ധതിയുടെ സർവ്വീസ് മുതൽ മുടക്കിനേക്കാൾ എത്രയോ വലുതായിരിക്കുമെന്നുള്ളതാണ് ജലവൈദ്യുതി പദ്ധതികളുടെ പ്രയോജനം. ഈ സത്യം മറച്ചുവെച്ചു കൊണ്ടാണ് സംസ്ഥാനം ജല വൈദ്യുതിയിൽ നിന്നും കൂടുതൽ ഉല്പാദനത്തിനുള്ള ശ്രമം നടത്താതെ പവർ പർച്ചേസ് എന്ന ഒറ്റ മാർഗത്തിലേക്കു മാത്രം ചിന്തിക്കുന്നത്. ഇപ്പോഞ്ഞ സോളാർ കാലഘട്ടത്തിൽ രണ്ടായിരത്തി മുപ്പതാവുമ്പോഴേക്കും സോളാർ വൈദ്യുതിയുടെ അളവ് അമ്പതു ശതമാനമായി ഉയർത്തേണ്ടതുണ്ട്, അത്രയും സോളാർ പദ്ധതികൾ വരുമ്പോൾ നമ്മുടെ സിസ്റ്റത്തിനു താങ്ങാനാവില്ല എന്നതാണ് യാഥാർത്ഥ്യം. അതു പ്രാവർത്തികമാക്കണമെങ്കിൽ പമ്പ്ഡ് സ്റ്റേറേജ് പദ്ധതികൾ യാഥാർത്ഥ്യമാവണം. മൂവ്വായിരം മെഗാവാട്ട് ശേഷിക്കുള്ള വിവിധ പദ്ധതികൾ ഇടുക്കി, പള്ളിവാസൽ, മൂഴിയാർ തുടങ്ങിയ സ്ഥലങ്ങളിൽ വിഭാവനം ചെയ്തിട്ടുണ്ട്.

അപ്പോഴും നമ്മൾ ഈ പദ്ധതികൾ നടപ്പിലാക്കുവാൻ വേണ്ട ശ്രമങ്ങൾ നടത്താതെ പവർ പർച്ചേസ് നടത്തി കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോയെന്നു വരാം. ഓരോ പവർപർച്ചേസും താരിഫ് ഓർഡറിനുശേഷം ഫ്യുവൽ സർചാർജ് എന്ന പേരിൽ ഉപഭോക്താക്കളെ പിഴിഞ്ഞു കൊണ്ടാണെന്ന കാര്യം ഓർക്കുന്നതു നല്ലതാണ്. ഒരു ഘട്ടം കഴിയുമ്പോൾ ഉപഭോക്താക്കൾ ഫുവൽ സർചാർജുകൾക്ക് എതിരെ തിരിയുന്നത് വിദൂരമായിരിക്കില്ല.

പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി മുഴുവനായും കമ്മീഷൻ ചെയ്തു കഴിയുമ്പോൾ നിലവിലുള്ള പള്ളിവാസൽ പദ്ധതിയുടെ ഭാവി ഇരുളടയുമോ എന്നത് ഒരു വലിയ ചോദ്യമാണ്. അവിടെയ്ക്കുള്ള രണ്ടു

വൈദ്യുത ബില്ലിംഗ്: സങ്കീർണ്ണതകൾ എന്തുകൊണ്ട് ?

Er സി.പി. ജോർജ്
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (റിട്ട.)

വൈദ്യുത ബില്ല് സങ്കീർണ്ണമാക്കുന്നതിന്റെ അടിസ്ഥാന ഉത്തരവാദി KSERC തന്നെയാണ് എന്നു പറയാതെ വയ്യ!

""Tariff-rationalisation" ആണ് ലക്ഷ്യ മെന്ന് വൈദ്യുത നിയമവും പോളിസികളും പറയുമ്പോൾ Irrationalisation ആണ് തങ്ങളുടെ ലക്ഷ്യം എന്ന രീതിയിലാണ് KSERC താരീഫ് ഉത്തരവുകൾ ഇറക്കുന്നത്!

ഉപഭോക്താവിന്റെ വൈദ്യുത താരീഫ് അവരുടെ പക്കൽ വൈദ്യുതി എത്തിക്കാനുള്ള ചെലവുമായിട്ട് അനുപാതത്തിലായിരിക്കണം എന്ന് വൈദ്യുതി നിയമത്തിലും പോളിസി കളിലും പറയുന്ന അടിസ്ഥാന തത്വം വച്ച് വിലയിരുത്തിയാൽ KSERC യുടെ പ്രകടന ത്തിന് പാസ്സ് മാർക്കിന് താഴെ C ഗ്രേഡോ, D ഗ്രേഡോ കൊടുക്കാനേ കഴിയൂ!

രാഷ്ട്രീയ താൽപര്യങ്ങളുടെയും സമ്മർദ്ദ ഗ്രൂപ്പുകളുടെയും പാദ സേവക്കാരുടെയും ആഗ്രഹങ്ങൾക്ക് വഴങ്ങി KSEB യുടെ താരീഫ് പരമാവധി സങ്കീർണ്ണമാക്കി എന്നതുമാത്രമല്ല താരീഫ് നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത്. വൈദ്യുത നിയമത്തിലേയോ പോളിസികളു ടെയോ സാമാന്യ നീതിയുടേയോ സാമാന്യ യുക്തിയുടെയോ യാതൊരു പിൻബലവും ഇല്ലാതെയാണ്.

ഉദാഹരണത്തിന് വ്യവസായ താരീഫിൽ സ്വന്തം മുതൽ മുടക്കിൽ ട്രാൻസ്ഫോർമർ വച്ച് HT യാർഡ് ഉണ്ടാക്കി വൈദ്യുതി വാങ്ങുന്ന HT ഉപഭോക്താവിന്റെ താരീഫിനേക്കാൾ കുറഞ്ഞ താരീഫാണ് ഇത്തരം യാതൊരു പങ്കപ്പാടും ഇല്ലാത്ത LT ഉപഭോക്താവിന്റേത്!

പെൻസ്റ്റോക്കുകൾ മാറ്റുവാനായി ബാക്കി യുണ്ട്, നിലവിലെ പള്ളിവാസലിലെ കപ്പാസി റ്റിയായ മുപ്പത്തിരണ്ടു മെഗാവട്ടിൽ നിന്നും മുപ്പത്തിയെട്ടു മെഗാവാട്ടിലേക്കു ഉയർത്തു വാനും സാധിക്കും. നിലവിലെ പള്ളിവാസൽ പദ്ധതിയുടെ ടെയിൽ റേസ് കുറച്ചു താഴെ ലെവലിൽ ആയതുകൊണ്ട് നദിയിലേക്കു വെള്ളമെത്തിക്കുന്നതിനായി പമ്പ് ചെയ്യു ന്നുണ്ട്, ഈ പമ്പുകളുടെയെല്ലാം നവീകരണം മൂന്നുവർഷം മുമ്പ് തന്നെ കഴിഞ്ഞിട്ടുണ്ട്, അത് കമ്മീഷൻ ചെയ്തിട്ടുമുണ്ട്. രണ്ടു പെൻസ്റ്റോ ക്കുകൾ മാറ്റുന്ന പ്രവർത്തികൾ എത്രയും വേഗം ചെയ്താൽ അത്രയും ബോർഡിനു ഗുണകരമാവും. അതോടുകൂടി പള്ളിവാസ ലിൽ നിലവിലുണ്ടായിരുന്ന പദ്ധതിയും എക്സ്റ്റൻഷൻ പദ്ധതിയും ചേർന്ന് തൊണ്ണൂറ്റി യെട്ടു മെഗാവാട്ടാവും പെൻസ്റ്റോ ക്കുകൾ മാറുന്ന പ്രവർത്തി നടന്നു കൊണ്ടിരി ക്കുന്നു ണ്ട്. അത് തടസങ്ങളില്ലാതെ എത്രയും വേഗം തീരട്ടെയെന്നു പ്രത്യാശിക്കുന്നു.

പശ്ചിമഘട്ട മലനിരയിൽ വീഴുന്ന ഓരോ തുള്ളി വെള്ളവും വിലയേറിയതാണ്.ആ ഓരോ തുള്ളിയും അറബിക്കടലിൽ ചെന്നു പതിക്കുന്നതിനുമുമ്പ് വൈദ്യുതി ഉല്പാദിപ്പി ക്കുവാനുള്ള ഊർജമായി മാറ്റിയെടുക്കേ ണ്ടതാണ് കാലത്തിന്റെ ആവശ്യം. അതിനു വേണ്ടതായ പദ്ധതികളുമായി മുന്നോട്ടു പോകുവാൻ ബോർഡിനാകട്ടെയെന്ന് ആത്മാർ ത്ഥമായി ആഗ്രഹിക്കുന്നു.

HT ഉപഭോക്താവിന്റെ ബില്ലിൽ HT/LT ട്രാൻഫോർമേഷൻ നഷ്ടവും വരുന്നതു കൊണ്ട് KSEBL ന്റെ കണക്കിൽ അത് വരുന്നില്ല എന്നു മാത്രമല്ല KSEBL LT വിതരണ ലൈനുകൾ നിർമ്മിച്ചു പരിപാലിക്കേണ്ട കാര്യവും ഇല്ല. അതായത് HT ഉപഭോക്താവിന് വൈദ്യുതി എത്തിക്കാൻ വേണ്ട ചെലവ് കുറവാണ് എന്നതിനൊപ്പം LT ആസ്തികൾ നിർമ്മിച്ചു പരിപാലിക്കേണ്ട കാര്യവുമില്ല! ആയതു കൊണ്ട് സ്വന്തം വ്യവസായം വികസിപ്പിക്കുമ്പോൾ 100 kVA ൽ കൂടുതൽ വൈദ്യുതി ആവശ്യമുള്ള LT ഉപഭോക്താക്കൾ HT -ലേയ്ക്ക് മാറുന്നതിന് പകരം നിയമത്തിന്റെ പഴുതുകൾ ഉപയോഗിച്ച് LT ഉപഭോക്താവായി തുടരാൻ ശ്രമിക്കുക സ്വാഭാവികം! ഇത് 'transformation-loss" ഉം 'line-loss" ഉം കൂടുന്നതിനും ആത്യന്തികമായി വിതരണ നഷ്ടം വർദ്ധിക്കുന്നതിനും കാരണമാകുന്നു എന്നത് ദു:ഖകരമായ സത്യം!

ചുരുക്കിപ്പറഞ്ഞാൽ സാമാന്യ നീതി പ്രകാരവും വൈദ്യുത നിയമങ്ങൾ പ്രകാരവും പോളിസികൾ പ്രകാരവും ഉള്ള യുക്തികൾ ഇവിടെ KSERC യുടെ താരിഫ് ഉത്തരവുകൾക്ക് ബാധകമല്ല!

ഇങ്ങനെ സങ്കീർണ്ണമാക്കിയ ഒരു താരീഫ് ഘടന സാമാന്യ ജനത്തിന്റെ പൊതു യുക്തിക്ക് വിശദീകരിക്കാൻ പാടുപെടും എന്നതാണ് സത്യം!

സാഹചര്യങ്ങൾ ഇങ്ങനെയൊക്കെ സങ്കീർണ്ണമാക്കിയവർ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ആനപ്പുറത്തിരുന്ന് ഉത്തരവാദിത്വം പരസ്യമായി KSEBLന്റെ തലയിൽ തന്നെ വയ്ക്കുന്നതും നാട്ടു നടപ്പ്!

ഈ സാഹചര്യത്തിൽ ഉപഭോക്താവിന് കൊടുക്കുന്ന ബില്ലിൽ വേണ്ട വിവരങ്ങളും കൂടി ഇല്ലാതിരുന്നാൽ പൊതുജനത്തിന്റെ ദേഷ്യം മുഴുവൻ KSEBL ന്റെ നേരെ ആവുക സ്വാഭാവികമാണ്.

അതിനെ മറികടക്കാൻ രാഷ്ട്രീയമായും സംഘടനാപരമായും സോഷ്യൽ മീഡിയാ കടന്നലുകളെ കൂട്ടി പൊങ്കാലയിടുന്നത് സ്ഥാപനത്തിന്റെ പൊതുവിലുള്ള വിശ്വാസ്യതയേയും ഉപഭോക്തൃ സൗഹൃദ ഇമേജിനേയും സാരമായി ബാധിക്കുന്നുണ്ട് എന്നത് വസ്തുതയാണ്.

താരീഫ് ഘടന ഇങ്ങനെ കുളമാക്കി നിറുത്തേണ്ടത് 'ചിലരുടെ' നിലനിൽപ്പിന്റെ ആവശ്യമാണ് എന്നത് ബോദ്ധ്യപ്പെട്ടിട്ടുള്ള കാര്യമാണ്.

എന്നിട്ട് 100 kVA യിൽ കൂടുതലുള്ള ഉപഭോക്താവിനോട് HT യിൽ പോകാൻ പറഞ്ഞാൽ അതനുസരിക്കാൻ അവൻ മണ്ടനാവണം!

അതിന് പകരം അവൻ തന്റെ സംരംഭം കടലാസുണ്ടാക്കി രണ്ടു കൺസ്യൂമർ നമ്പറിലാക്കി ട്രാൻസ്ഫോർമർ അടക്കമുള്ള ആസ്തി നിർമ്മാണ ബാദ്ധ്യതയിൽ നിന്നും ട്രാൻസ്ഫോർമേഷൻ നഷ്ടത്തിൽ നിന്നും രക്ഷപെട്ട് കുറഞ്ഞ വൈദ്യുത ചാർജിൽ വ്യവസായം/കച്ചവടം തുടരും.

സോളാർ ബില്ലിംഗിലെ യുക്തിയില്ലായ്മകൾ

നികുതി വാങ്ങേണ്ടത് രാജ്യത്തെ നിയമമനുസരിച്ചാണ്. അതിന് ഭരണഘടനാ പരമായ രീതികളും യുക്തികളും ഉണ്ട്. മറ്റു ചാർജ്ജുകൾ വാങ്ങുന്നതിനും യുക്തികളുണ്ട്.

അല്ലാതെ ഒരു കസേരയിൽ ഇരിക്കാൻ അവസരം കിട്ടി എന്ന പേരിൽ ഒരാളുടെ മനസ്സിൽ തോന്നുന്ന പോലെ നികുതിയും ഫീസും നിശ്ചയിക്കുന്നതോ നിശ്ചയിക്കാത്തതോ ആണ് വൈദ്യുതി ബില്ലിംഗിന്റെ ഇവിടത്തെ പ്രശ്നം.

വൈദ്യുതി ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള പല നികുതികളും ചാർജ്ജുകളും

ജനത്തിന്റെ സാമാന്യ ബുദ്ധിക്ക് ദഹിക്കാനാകുന്നില്ല എന്നതാണ് പ്രശ്നം.

ബാങ്കിംഗിന് ചാർജ്ജ് വാങ്ങണം എന്നാണ് എങ്കിൽ ബാങ്കിംഗ് ചാർജ്ജ് എന്നു വിളിച്ച് KSEB യ്ക്ക് വാങ്ങാനാവണം. അല്ലെങ്കിൽ ഒരു നിശ്ചിത ശതമാനം വൈദ്യുതിയെ ബാങ്കിംഗ് നഷ്ടം എന്നു പറഞ്ഞ് കുറയ്ക്കാനാവണം.

കണക്റ്റിവിറ്റിക്കും ഗ്രിഡിന്റെ വികസനത്തിനും ചാർജ്ജ് ആവശ്യമെങ്കിൽ അത് പറഞ്ഞ് ചാർജ്ജ് വാങ്ങി അതിന് ഉപയോഗിക്കണം.

അല്ലാതെ ഉപഭോക്താവിന്റെയും പൊതുജനത്തിന്റെയും സാമാന്യ ബുദ്ധിയേയും രാജ്യത്തെ നിയമങ്ങളെയും നോക്കുകുത്തിയാക്കി ഏൽപ്പിച്ച ഉത്തരവാദിത്വത്തിന്റെയും കസേരയുടെയും ബലത്തിൽ പ്രതികരണശേഷിയില്ലാത്ത ജനത്തിന്റെ ദൗർബല്യങ്ങളെ ചൂഷണം ചെയ്യുന്ന രീതിയെ അംഗീകരിക്കാനാവില്ല.

വൈദ്യുതിയുടെ കൈമാറ്റം കാര്യക്ഷമമായി നടത്താൻ ആവശ്യമായ ശൃംഖലാ വികസനത്തിനും പരിപാലനത്തിനും ആവശ്യമായ ചെലവിന് വേണ്ട ചാർജുകൾ സുതാര്യമായി ഈടാക്കുന്നതിന് പകരം സാമാന്യബുദ്ധിയ്ക്ക് ദഹിക്കാത്ത നിയമപരമായി തർക്കവിഷയമായ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ നികുതി പിരിച്ച് സർക്കാരിൽ അടയ്ക്കാൻ KSEBയ്ക്കും KSERCയ്ക്കും ഉള്ള ഈ ആവേശത്തിന്റെ രഹസ്യം എന്താണ്?

ഗ്രിഡ് കണക്റ്റിവിറ്റി കൊടുത്ത ഒരു സോളാർ പ്രൊസ്യൂമറോട് നിയമപരമായി വാങ്ങാവുന്ന ചാർജ്ജുകൾ CEA യുടെ പ്ലാനിംഗ് മാനദണ്ഡങ്ങൾ ഉൾപെടെ പല നയരേഖകളിലും ആസൂത്രണ രേഖകളിലും വ്യക്തമായി വിവരിക്കുന്നുണ്ട്.

1. **Grid Development Charge:** ഒരു സോളാർ പ്രൊസ്യൂമർ വിതരണ ശൃംഖലയിൽ ഘടിപ്പിക്കപ്പെടുമ്പോൾ രണ്ടു പ്രാവശ്യം ശൃംഖല ഉപയോഗിക്കുന്നു. അതായത് ശൃംഖലയിലേയ്ക്ക് വൈദ്യുതി കയറ്റുമതി ചെയ്യാനും ശൃംഖലയിൽ നിന്ന് വൈദ്യുതി ഇറക്കുമതി ചെയ്യാനും. അതുകൊണ്ട് അദ്ദേഹത്തോട് ഗ്രിഡ് ഉപയോഗത്തിനനുസരണമായി ചാർജ്ജുകൾ വാങ്ങാവുന്നതാണ്.
2. **Electricity Handling loss**: രാജ്യത്തെ നിലവിലെ ചട്ടങ്ങൾ അനുസരിച്ച് ഗ്രിഡിലുണ്ടാകുന്ന വൈദ്യുതി നഷ്ടത്തിന്റെ ആകെ നഷ്ടത്തെ 50 % injection loss (കയറ്റുമതി നഷ്ടമായും) 50 % withdrawal loss (ഇറക്കുമതി നഷ്ടം)ആണ് അക്കൗണ്ട് ചെയ്യപ്പെടുന്നത്. ഇവിടെ സോളാർ പ്രോസ്യൂമർ ശൃംഖലയിലേക്ക് കയറ്റുമതി ചെയ്യുന്ന വൈദ്യുതിക്ക് അതിന്റെ അളവിന് ആനുപാതികമായി സുതാര്യമായ രീതിയിൽ ശൃംഖലാനഷ്ടം ചേർക്കപ്പെടേണ്ടതാണ്. സാങ്കേതികമായും നിയമപരമായും സാമാന്യനീതി പ്രകാരവും ശരിയായ ഇത്തരം രീതികളിലൂടെ ലഭിക്കുന്ന വരുമാനം സ്ഥാപനത്തിന് ഗ്രിഡ് പരിപാലിക്കാൻ പ്രയോജനപ്പെടും.

എന്നാൽ ഇതെല്ലാം അവഗണിക്കുകയും പിൻവാതിലിലൂടെ സർക്കാരിന് വരുമാനം ഉണ്ടാക്കിക്കൊടുക്കാൻ നോക്കുകയും ചെയ്യുന്നതിന്റെ യുക്തി എന്താണ്?

ഇതിനും പുറമെ കയറ്റുമതി ചെയ്യുന്ന വൈദ്യുതിയുടെ സെറ്റിൽമെന്റ് ബാങ്കിംഗ് വഴി ഒരു വർഷം വരെ നീട്ടിക്കൊണ്ടു പോകാൻ ഏതെങ്കിലും സോളാർ പ്രൊസ്യൂമർ ആവശ്യപ്പെട്ടതായി അറിയില്ല.

എന്തു കൊണ്ട് ഓരോ ബില്ലിംഗ് സൈക്കിളിലും നിലവിലെ രീതിയിലോ വിപണി വില പ്രകാരമോ സെറ്റിൽ ചെയ്തു കൂടാ?

എന്തു കൊണ്ട് സ്മാർട്ട് മീറ്റർ വച്ച് അതാതു ദിവസത്തെ അതാത് ബ്ലോക്കിൽ തന്നെ വിപണി വില പ്രകാരം സെറ്റിൽ ചെയ്തു പോയി കൂടാ? അതുവരെ എന്തു കൊണ്ട് മൂന്നു സോണിലും ശരാശരി വിപണി വില പ്രകാരം സെറ്റിൽ ചെയ്ത് ബില്ലു ചെയ്തു കൂടാ?

2020-ലെ ചട്ട രൂപീകരണവേളയിൽ സമർപ്പിച്ച അഭിപ്രായങ്ങൾ എല്ലാം ചവറ്റുകുട്ടയിൽ ഇട്ട ശേഷം സമ്മർദ്ദ ഗ്രൂപ്പുകളുടെ അഭിപ്രായത്തിന് വഴങ്ങിയാതൊരു കാഴ്ചപ്പാടും ഇല്ലാതെ ചട്ടം പ്രസിദ്ധീകരിച്ചവരല്ലേ ഇതിനൊക്കെ ഉത്തരവാദികൾ?

KSERCയിലും KSEBയിലും ബന്ധപ്പെട്ട സ്ഥാനങ്ങളിൽ നിയമിക്കപ്പെട്ടവരുടെ വീക്ഷണമില്ലായ്മയും കാര്യപ്രാപ്തിയില്ലായ്മയുമാണ് ഇന്നത്തെ സ്ഥിതിവിശേഷത്തിന് കാരണം എന്നു പറയാതെ വയ്യ!

പ്രതിമാസ ബില്ലിംഗ് VS ദ്വിമാസ ബില്ലിംഗ് & സ്മാർട്ട് മീറ്ററിംഗ് പ്രതിമാസ ബില്ലിംഗും ദ്വിമാസ ബില്ലിംഗ് തമ്മിൽ വിലയിരുത്തുമ്പോൾ അവിടെ നഷ്ടത്തിനും ലാഭത്തിനും യാതൊരു പ്രസക്തിയും ഉണ്ടാവാൻ പാടില്ല! മറിച്ച് താരിഫ് ചട്ടങ്ങൾ പ്രകാരമുള്ള ബില്ലിംഗ് സുതാര്യവും കൃത്യവുമായി നടപ്പാക്കുന്നതിലാണ് കാര്യമിരിക്കുന്നത്! ബില്ലിംഗ് വഴി ആർക്കും ലാഭം ഉണ്ടാക്കാൻ ഇവിടെ ഉദ്ദേശിക്കുന്നില്ലല്ലോ!

വൈദ്യുതി ബില്ലിംഗ് സംബന്ധിച്ച ഉപഭോക്താവിന്റെ പ്രതികരണങ്ങളിൽ നിന്നും KSEBL ബില്ലിംഗിന്റെ അടിസ്ഥാന പ്രശ്നം എന്ത് എന്നത് KSEB ക്കാർ മനസ്സിലാക്കുന്നില്ല എന്നതാണ് ഇവിടത്തെ ശരിയായ പ്രശ്നമെന്നു തോന്നുന്നു.

വൈദ്യുത ബില്ലിംഗിന്റെ സങ്കീർണ്ണതയും അത് ശരിയായി മനസ്സിലാക്കുന്നതിൽ സാധാരണക്കാർക്കുള്ള ബുദ്ധിമുട്ടും എന്തെങ്കിലും സംശയങ്ങളുമായി ചെന്നാൽ ആക്ഷേപിച്ച് അപമാനിച്ച് വായടപ്പിക്കുന്ന രീതികളും സ്ഥാപനത്തിന്റെ വിശ്വാസ്യതയ്ക്ക് ജനങ്ങളിൽ വലിയ മങ്ങൽ ഏൽപിച്ചിരിക്കുന്നു എന്ന വസ്തുതയും ചേർത്തു വായിച്ചു വേണം ഇത്തരം പ്രശ്നങ്ങളെ വിലയിരുത്തുവാൻ.

ഇവിടത്തെ ശരിയായ പ്രശ്നം ബില്ലിന്റെ സങ്കീർണ്ണതയും വിശ്വാസ്യതയുമാണ്.

ബില്ലിൽ പറയുന്ന കാര്യങ്ങളുടെ സുതാര്യതയും ലളിതവൽക്കരണവുമാണ്.

ഏതാനും മണിക്കൂറുളുടെ വ്യത്യാസത്തിലെടുക്കുന്ന മീറ്റർ റീഡിംഗിന്റെ അടിസ്ഥാനത്തിലുള്ള വൈദ്യുത നിരക്കിന്റെ വലിയ ചാഞ്ചാട്ടമാണ്.

ആവറേജിന്റെ അടിസ്ഥാനത്തിൽ വൈദ്യുത നിരക്കിന്റെ മാനിപ്പുലേഷനിലുള്ള സാദ്ധ്യതകളാണ്.

ഇത്തരം സാഹചര്യങ്ങളിൽ ബില്ലിലെ വസ്തുതകളോട് സാധാരണക്കാരനുള്ള അപരിചിതത്വവും അവയെ മനസ്സിലാക്കുന്ന തീതികളുടെ അപര്യാപ്തതയുമാണ്.

Bimonthly ബില്ലിനേക്കാൾ എന്തു കൊണ്ടും നല്ലത് പ്രതിമാസ ബില്ലാണ് എന്നത് വൈദ്യുതിയുടെ സാമ്പത്തിക കാര്യങ്ങളെ പ്പറ്റിയും പ്രവർത്തന കാര്യക്ഷമത വിലയിരുത്തലിനെപ്പറ്റിയും സാമാന്യ ബോധമുള്ള ആർക്കും വ്യത്യസ്ത അഭിപ്രായം ഉണ്ടാകേണ്ട കാര്യമില്ല.

വിറ്റ വൈദ്യുതിയുടെ വില എത്രയും വേഗം ലഭിക്കുന്നത് വൈദ്യുതി വാങ്ങാൻ വേണ്ട പ്രവർത്തന മൂലധനത്തിന്റെ ആവശ്യകത കുറയ്ക്കും. മാത്രവുമല്ല, വൈദ്യുതി വാങ്ങാനായി പണം സ്വരൂപിക്കാൻ ലോൺ എടുക്കേണ്ട തുകയുടെ വ്യാപ്തി കുറയുന്നത

നുസരിച്ച് പലിശച്ചെലവ് കുറയും. പലിശ ചെലവ് കുറയുന്നതനുസരിച്ച് കറണ്ടു ചാർജും കുറയും.

(വൈദ്യുതി വാങ്ങാനുള്ള ചെലവും ജീവനക്കാരുടെ ശബളവും കഴിഞ്ഞാൽ KSEB യുടെ അടുത്ത ഏറ്റവും വലിയ ചെലവ് പലിശ ച്ചെലവാണ് എന്ന കാര്യം ഇവിടെ ഓർമ്മി ക്കുക).

ഇനി വരവ് ചെലവ് കണക്കുകളും കാര്യ ക്ഷമതയും കൃത്യമായി വിലയിരുത്തു ന്നതിൽ പ്രതിമാസ ബില്ലിംഗ് എങ്ങനെയാണ് സഹായിക്കുക എന്നുനോക്കാം.

വൈദ്യുതി വാങ്ങുന്നതിന്റെ ചെലവും ശമ്പളം കൊടുക്കുന്നതും പലിശ സെറ്റിൽ ചെയ്യുന്നതും ഉൾപെടെ കമ്പനിയുടെ മുഴുവൻ ചെലവും പ്രതിമാസ ബില്ലിലാണ് കൈകാര്യം ചെയ്യപ്പെടുന്നത്.

ഓരോ മാസത്തെയും വരവും ചെലവും കൃത്യമായും സുതാര്യമായും വിലയിരുത്ത പ്പെടാൻ പ്രതിമാസ ബില്ലിംഗ് സഹായിക്കും.

ഇതിലും പ്രധാനമായ ഒരു കാര്യമാണ് T&D നഷ്ടവും AT& C നഷ്ടവും കണക്കാക്കു ന്നത്. വാങ്ങുന്ന വൈദ്യുതിയുടെ അളവും ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവും പ്രതിമാസം രേഖപ്പെടുത്തി അക്കൗണ്ട് ചെയ്യുമ്പോൾ അതേ രീതിയിൽ വിൽക്കുന്ന വൈദ്യുതിയുടെ അളവും പ്രതിമാസം രേഖപ്പെടുത്തി അക്കൗണ്ട് ചെയ്യുന്നതും ബില്ലു ചെയ്യുന്നതും ഓരോ മാസത്തെയും പ്രവർ ത്തന കാര്യക്ഷമത വിലയിരുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും പ്രയോജനപ്പെടും.

ഇപ്പോഴത്തെ വൈദ്യുത മീറ്ററുകളിൽ ബില്ലിംഗ് വിവരങ്ങൾ സമയ ബന്ധിതമായി രേഖപ്പെടുത്തി സൂക്ഷിച്ചുവയ്ക്കാനുള്ള സൗകര്യം ഉപയോഗപ്പെടുത്തിയാൽ മുഴുവൻ ബില്ലും ഒരു മാസത്തിന്റെ ആദ്യത്തെ നിമിഷം മുതൽ അവസാന ദിവസത്തെ അവസാന മണിക്കൂറിലെ അവസാന നിമിഷം വരെയുള്ള ഉപഭോഗം കണക്കാക്കി ബില്ലു ചെയ്യാനാവും എന്നതും അതുവഴി സമയനിഷ്ഠമായ വൈദ്യുതി ഓഡിറ്റിങ് സാദ്ധ്യമാകുന്നതും പ്രവർത്തന കാര്യക്ഷമത വിലയിരുത്തുന്ന തിലും വർദ്ധിപ്പിക്കുന്നതിലും വലിയ കുതിച്ചു ചാട്ടത്തിന് സഹായിക്കും.

പ്രതിമാസ ബില്ലിംഗിലേക്ക് വന്നാൽ കാര്യങ്ങൾ കൂടുതൽ സുതാര്യമാക്കുകയും പല തട്ടിപ്പുകളും മാനിപ്പുലേഷനുകളും ഇല്ലാതാകുകയും ചെയ്യും.

പ്രസരണ വിതരണ നഷ്ടത്തിന്റെ കണക്കാക്കലിലും കമ്പനിയുടെ ലാഭ നഷ്ട കണക്കുകളിലും ഇപ്പോൾ കാണിക്കുന്ന തട്ടിപ്പുകൾ ഒരു പരിധിവരെയെങ്കിലും നിയന്ത്രിക്കപ്പെടുകയും കണ്ടുപിടിക്കപ്പെടു കയും ചെയ്യും എന്നതു കൊണ്ടാണോ പ്രതിമാസ ബില്ലിംഗിന്റെ മേന്മകളെ മറച്ചു വച്ച് ജീവനക്കാരുടെ ശബളം കൂടും എന്നു പ്രചരി പ്പിക്കുന്നത് എന്നു സംശയിച്ചാൽ തെറ്റുപറയു വാൻ ആവില്ല!

വൈദ്യുത ബില്ല് എല്ലാ സാഹചര്യ ങ്ങളിലും ഉപഭോക്താവിന്റെ ശരിയായ ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലാവണം. അതിൽ സത്യസന്ധതയും സുതാര്യത യുമാണ് അടിസ്ഥാനം. അല്ലാതെ ലാഭമോ നഷ്ടമോ ബിൽ തുകയുടെ വലുപ്പമോ വലുപ്പ ക്കുറവോ ആവരുത്.! എങ്കിലേ വിശ്വാസ്യത യുണ്ടാവൂ.

രണ്ടു മാസത്തെ ഉപഭോഗത്തിന്റെ പകുതി യെടുത്ത് താരീഫിന് അനുസരിച്ച് ബില്ല് ചെയ്ത് ഇരട്ടിയാക്കിയാൽ അത് ശരിയായ ഉപഭോഗത്തെയും അർഹതപ്പെട്ട വൈദ്യുത ചാർജിനെയും പലപ്പോഴും പ്രതി ഫലിപ്പി ക്കില്ല എന്നത് വസ്തുത തന്നെയാണ്.

ഉദാഹരണത്തിന് കഴിഞ്ഞ മാർച്ചിലെയും ഏപ്രിലിലലെയും ഉപഭോഗം ചേർത്ത് എടുത്താൽ മാർച്ചിൽ വേനൽ കടുക്കാത്തതു കൊണ്ട് ഉപഭോഗം 200 യൂണിറ്റിൽ കുറവും ഏപ്രിലിൽ AC കൂടുതലായി ഉപയോഗിച്ചതു കൊണ്ട് ഉപഭോഗം 450 യൂണിറ്റും ആയെങ്കിൽ രണ്ടും വെവ്വേറെ ബില്ലു ചെയ്യുന്നതും മാർച്ച് -ഏപ്രിൽ മാസത്തെ ഉപഭോഗത്തിന്റെ പകുതിയെടുത്ത് ചാർജ്ജ് ചെയ്ത് ഇരട്ടി ബില്ല് ചെയ്യുന്നതും ഒരു തുകയാവില്ലല്ലോ.

ചുരുക്കിപ്പറഞ്ഞാൽ താരീഫ് പ്രകാരമുള്ള പ്രതിമാസ ഉപഭോഗത്തിന്റെ ശരിയായ ബില്ല് അല്ല ഉപഭോക്താവിന് ലഭിക്കുക എന്നതിൽ തർക്കമില്ല.

KSEB പലപ്പോഴും ഉപഭോക്താവിന്റെ പ്രശ്നങ്ങളെ നിസ്സാരവൽക്കരിക്കുകയും പ്രശ്നങ്ങൾ പറയുന്നവരെ ധാർഷ്ട്യത്തോടെ വായടപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു എന്നത് വസ്തുതയാണ്.

ഇത്തരം പ്രശ്നങ്ങളെ തൃപ്തികരമായി നേരിടാൻ പ്രാപ്തിയുള്ള സ്മാർട്ട് മീറ്ററിംഗ് രാജ്യമൊട്ടുക്ക് നടപ്പിലാക്കുമ്പോൾ എന്തു കൊണ്ടാണ് കേരളം എതിർക്കുന്നത് എന്നതിന് കൃത്യമായ ഉത്തരവും ഇല്ലാത്തത് കാര്യങ്ങളെ വഷളാക്കുന്നു, വിശ്വാസ്യതയെ ബാധിക്കുന്നു.

വൈദ്യുതി നിയമം 2003 പ്രകാരമുള്ള കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ പ്രകാരവും CEA യുടെ മീറ്ററിംഗ് ചട്ടങ്ങളുടെ ഏറ്റവും പുതിയ ഭേദഗതി പ്രകാരവും 2025-26 അവസാനിക്കുന്നതിന് മുൻപ് എല്ലാ ഉപഭോക്താക്കളുടെയും മീറ്ററുകൾ 'പ്രീ-പെയ്ഡ് സ്മാർട്ട് മീറ്റർ' സാങ്കേതികത പ്രകാരം സ്ഥാപിച്ചിരിക്കണം.

CEA യുടെ സ്പെസിഫിക്കേഷൻ പ്രകാരമല്ലാത്ത മീറ്ററുകൾ "correct meter" അല്ല എന്ന് ചട്ട പ്രകാരമുള്ള നിർവചനം പറയുന്നു.

വൈദ്യുതി നിയമം 2003 ലെ 55-ാം വകുപ്പ് പ്രകാരം CEA യുടെ ചട്ട പ്രകാരമുള്ള "correct meter" ഉപയോഗിച്ചു മാത്രമേ വൈദ്യുതി വിൽപന പാടുള്ളൂ.

2001, ഊർജ സംരക്ഷണ നിയമപ്രകാരം ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി (BEE) പുറപ്പെടുവിച്ചിട്ടുള്ള എനർജി ഓഡിറ്റ് ചട്ടങ്ങൾ പ്രകാരവും 2025-26 അവസാനി ക്കുന്നതിന് മുൻപ് എല്ലാ ഉപഭോക്താക്കളു ടെയും മീറ്ററുകൾ 'സ്മാർട്ട് മീറ്റർ' സാങ്കേതി കത പ്രകാരം സ്ഥാപിച്ച് മാനുഷിക ഇടപെടൽ ഇല്ലാതെ വിതരണ ശൃംഖലയിൽ വിവിധ തലങ്ങളിലെ വൈദ്യുത ഓഡിറ്റ് നടത്തി റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കണം.

നിയമപരമായി വൈദ്യുത മീറ്ററിംഗ് സംബന്ധിച്ച കാര്യങ്ങൾ രാജ്യം മുഴുവനും ഇങ്ങനെ തീർച്ചപ്പെടുത്തിയിരിക്കുമ്പോൾ ഓരോ 15 മിനിറ്റിലും മാനുഷിക ഇടപെടലില്ലാതെ ഏതു വിവരങ്ങളും ലഭിക്കാൻ സാഹചര്യം ഉറപ്പാക്കേണ്ടപ്പോൾ, റവന്യൂ കാര്യങ്ങളിൽ മീറ്റർ റീഡിംഗ് തൊട്ട് ഡിസ്കണക്ഷൻ വരെ മാനുഷിക അദ്ധ്വാനം ആവശ്യമില്ലാത്ത സാഹചര്യം നിഷ്കർഷിച്ചിരിക്കുമ്പോൾ, പ്രതിമാസ ബില്ലിങ്ങിന് അധികച്ചെലവ് എന്ന വാദത്തിന് എന്തു പ്രാധാന മാണ് ഇപ്പോൾ ഇവിടുള്ളത്?

നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ലോകം മുഴുവനും വൈദ്യുത ഉപഭോഗവും മീറ്ററിങ്ങും ബില്ലിംഗും ഏറ്റവും സുതാര്യവും കൃത്യവും ലളിതവും കാര്യക്ഷമവും ആക്കിക്കൊണ്ടിരിക്കുമ്പോൾ ഇവിടെ 25 വർഷം മുൻപ് നടപ്പാക്കിയ Bimonthly ബില്ലിങ് വ്യവസ്ഥ ഇനിയും തുടർന്നു കൊണ്ടുപോകാൻ മുടന്തൻ ന്യായീകരണ വുമായി മുന്നിൽ നിലക്കുന്ന സ്ഥാപനത്തിൻറെ ഭരണ നേതൃത്വത്തിന്റെ കാഴ്ചപ്പാട് സ്ഥാപനത്തെ ഏറ്റവും പിന്നോട്ടടിക്കുന്ന താണ് എന്നു പറയാതെ വയ്യ!

ആത്മബന്ധം

Er ശ്രീലക്ഷ്മി കെ. എസ്.
അസിസ്റ്റന്റ് എഞ്ചിനീയർ

'ആത്മബന്ധം......'
ഈ വാക്കുകേട്ട് ചിലരെങ്കിലും നെറ്റി ചുളിക്കുന്നുണ്ടാവും... ഇതിലെന്താണിത്ര പുതുമ... പുതുമയുണ്ട്... അതു കൊണ്ടല്ലേ എഴുതുന്നത്.

ആത്മബന്ധം എന്നാൽ ആത്മാവിനെ തൊട്ടറിയുന്ന ആത്മാവിനെ സ്പർശിക്കുന്ന ബന്ധം. അത് മനുഷ്യന്മാരുടെ ഇടയിൽ മാത്രമല്ല കേട്ടോ സംഭവിക്കുന്നത്. എന്റെ ജീവിതത്താളുകളിൽ എന്നും സ്നേഹത്തോടെ ഞാനോർക്കുന്ന ഒരു യാഥാർത്ഥ്യ സംഭവം.

എന്നത്തെയും പോലെ അത്താഴം കഴിച്ച് ബാക്കിവരുന്ന ഭക്ഷണം പൂച്ചകൾക്ക് അന്നദാനമായി കൊടുക്കുന്ന ഞാൻ ഒരു ദിവസം അപ്രതീക്ഷിതമായി ഒരു തെരുവുനായ ആ ഭക്ഷണം കഴിക്കുന്നത് കണ്ടു. പിറ്റേ ദിവസം അതേ സമയം അവൻ പിന്നെയും വന്നു. പിന്നെ ഇത് നിത്യസംഭവമായി മാറി. അപ്പോഴാണ് കഥ മാറുന്നത്. അമ്മ ഇത് ശ്രദ്ധിക്കാൻ തുടങ്ങി ആ നായയെ അടിച്ചു തിരുത്താൻ ശ്രമിച്ചു. ഇതൊന്നും ആ നായ ശ്രദ്ധിച്ചതേയില്ല. എന്നും ഭക്ഷണ സമയത്തു മാത്രം വന്നു കൊണ്ടിരുന്ന അവൻ വീട്ടിൽ സ്ഥിരതാമസക്കാരനാകാൻ ഒരുങ്ങി. ഇത് അച്ഛനും, അമ്മയ്ക്കും, അച്ഛമ്മയ്ക്കും ഒന്നും അത്ര ഇഷ്ടായില്ല കോട്ടോ.
അച്ഛമ്മ പറഞ്ഞു.

"വീട്ടിൽ നായ വന്നു കേറിയാൽ വീടു മുറിഞ്ഞു പോകും"

തീർന്നു!! അതോടുകൂടി അമ്മയുടെ അശ്രാന്ത പരിശ്രമം ആരംഭിച്ചു. ആ നായയെ തുരത്തി ഓടിക്കാൻ.. പഠിച്ച പണി പതിനെട്ടും പയറ്റി നോക്കി ആ നായയെ വീട്ടിൽ നിന്നും തുരത്തിയോടിക്കാൻ.

ഈ സമയം ആ നായയ്ക്ക് ആഹാരം കൊടുക്കുന്ന എന്നോട് ദിവസം കഴിയും തോറും സ്നേഹം കൂടി കൂടി വന്നു. ആ കാലഘട്ടം ഞാൻ പ്ലസ് ടൂ പഠിക്കുകയാണ്. എന്നും രാവിലെ അഞ്ച് മണിയ്ക്കുളള കെ.എസ്.ആർ.ടി.സി. ബസിന് ട്യൂഷനു പോകും. ഏകദേശം ഒരു കിലോമീറ്ററോളം നടന്നുവേണം ബസ് സ്റ്റോപ്പിലെക്കെത്താൻ. എന്നും ഈ നടത്തയിൽ എന്റേയും അച്ഛന്റേയും ഒപ്പം അവനും കൂട്ടാളിയായി. ദിവസങ്ങൾ കടന്നുപോയി. അച്ഛനെ ഓഫീസിലേയ്ക്ക് യാത്രയാക്കാൻ വീടിന്റെ ഗേറ്റുവരെ പോകുന്ന അമ്മയ്ക്കും കൂട്ടായി അവൻ... പതിയെ പതിയെ സ്നേഹം കൊണ്ട് ആ തെരിവു നായ എന്റെ വീട്ടിലെ എല്ലാവരുടെയും ഹൃദയം കീഴടക്കി. അന്ന് എനിക്ക് മനസ്സിലായി സ്നേഹത്തിനു മനുഷ്യനെന്നോ മൃഗമെന്നോ ഉള്ള വേർതിരിവില്ല ! സ്നേഹം സ്നേഹം ആണ്" !!

അവനെ സ്നേഹത്തോടെ ഞങ്ങൾ കുട്ടൻ എന്ന് വിളിക്കുമായിരുന്നു. മറ്റു നായകളിൽ നിന്നുമൊക്കെ വ്യത്യസ്തനായി ഐസ്ക്രീമും, മിഠായിയും, പായസവുമൊക്കെ കൊതിയോടെ തിന്നുന്ന അവന്റെ മുഖം ഇപ്പോഴും എന്റെ മനസ്സിൽ മായാതെയുണ്ട്.

പ്ലസ് ടു പഠനമൊക്കെ കഴിഞ്ഞ് പത്തനംതിട്ടയിലെ ഒരു എഞ്ചിനീയറിംഗ് കോളേജിൽ അഡ്മിഷൻ കിട്ടി ഞാൻ ആദ്യമായി അവിടേയ്ക്ക് പോകുന്ന ദിവസവും ബസ് സ്റ്റോപ്പ് വരെ കൂട്ടായി 'കുട്ടൻ' എന്റെ കൂടെയുണ്ടായിരുന്നു. അവന് അന്നറിയില്ലായിരുന്നു എന്നത്തേയും പോലെ ഒരു യാത്രയായി

രുന്നില്ല അത് എന്നത്...പാവം !! എന്റെ വരവും പ്രതീക്ഷിച്ച് അവൻ ഒരു പാട് കാത്തിരുന്നിട്ടുണ്ടാവും അന്നവൻ. അത് എനിക്ക് മനസ്സിലാകുന്നത് ഞാൻ ഹോസ്റ്റലിൽ നിന്ന് ആദ്യമായി വീട്ടിലേയ്ക്ക് തിരിച്ച് വന്ന ദിവസമാണ്.

ഗേറ്റു കടന്ന് എന്റെ ഓടിട്ട വീട്ടിലേയ്ക്ക് ഒരു ഇരുന്നൂറ് മീറ്ററോളം നടക്കാനുണ്ട്. ആ വഴിയിലൂടെ ഞാൻ നടന്നുവരുമ്പോ ദൂരെ നിന്നും എന്നെ കണ്ട അവൻ ഒരു പാട് സ്നേഹത്തോടെ ഓടി വന്ന് എന്റെ ദേഹത്ത് കയറി എന്നെ കെട്ടിപ്പിടിച്ചു. എന്റെ കണ്ണുകൾ അറിയാതെ നനഞ്ഞുപോയി. അത്രമേൽ സ്നേഹമായിരുന്നു അവനെന്നോട് എന്ന് അന്നാണ് ഞാൻ മനസ്സിലാക്കിയത്.

പിന്നെയുള്ള കോളേജിലേയ്ക്കുള്ള എന്റെ പോക്കും വരവും അവന് നിത്യ കാഴ്ചയായി മാറി. മാസങ്ങൾ കടന്നുപോയി. ഒരു ദിവസം ഞാൻ കോളേജിലേക്ക് തിരിച്ചു പോകാനൊരുങ്ങുമ്പോൾ അകലെ നിന്ന് അവന്റെ കരച്ചിൽ കേട്ടു. എന്താണെന്ന് മനസ്സിലായില്ല. അടുത്ത ദിവസം ഹോസ്റ്റലിലേയ്ക്ക് അമ്മ ഫോൺ ചെയ്യുമ്പോഴാണ് കാര്യം അറിയുന്നത്. ഏതോ വീടിന്റെ അടുക്കള ഭാഗത്തേക്ക് ചെന്ന അവന്റെ ദേഹത്തേയ്ക്ക് ആരോ അറിയാതെ ചൂടു കഞ്ഞിവെള്ളം ഒഴിച്ചതാണ്. പാവം. ദേഹം മുഴുവൻ തിളച്ച വെള്ളം വീണ് പൊള്ളിയുള്ള വേദന കാരണമുള്ള കരച്ചിലായിരുന്നു അത്. പിന്നീടുള്ള ഓരോ ദിവസവും അമ്മയുടെ ഫോൺ വിളിയിൽ അവന്റെ അസുഖ അന്വേഷണം മാത്രമായിരുന്നു. ദിവസങ്ങൾ കടന്നുപോയി. ഒരു കുഞ്ഞിനെപ്പോലെ എന്റെ അമ്മ അവനെ പരിചരിച്ചു. ഒരു ദിവസം അതിരാവിലെ പതിവില്ലാത്ത ഒരു സ്വപ്നം കണ്ടുകൊണ്ടാണ് ഞാനുണർന്നത്. 'കുട്ടൻ' എന്റെ കൂടെ കളിക്കുന്നു. ഒരുപാട് സന്തോഷത്തോട് കൂടി വ്യത്യാസമല്ല അന്ന് ഞാൻ അമ്മയെ ഫോൺ വിളിച്ചപ്പോ സ്വപ്നം കണ്ട കാര്യം അമ്മയോടും പറഞ്ഞു. ഒരു മൂളൽ മാത്രമായിരുന്നു മറുപടി. അന്ന് രാവിലെ അവൻ മരിച്ചുവെന്ന് അമ്മ എന്നോടന്ന് പറഞ്ഞില്ല. പിന്നീടാണ് ഞാൻ അത് അറിയുന്നത്..... അന്ന് അമ്മ പറഞ്ഞു.

"നിന്നോട് യാത്ര പറഞ്ഞിട്ടാണല്ലോ അവൻ പോയത്. അത്രയ്ക്ക് സ്നേഹമായിരുന്നു നിന്നോടവന്..."

അതെ.. അത്രയും സ്നേഹമായിരുന്ന് അവനെന്നോട്..ചില ബന്ധങ്ങൾ അങ്ങനാണ്.. ആത്മാവിനെ സ്പർശിക്കുന്ന ബന്ധങ്ങൾ... ആത്മ ബന്ധങ്ങൾ.....

✵

കവിത

സത്യം

Er കെ.എൻ. രാമദാസ്
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)

സത്യത്തിൽ പ്രണയം നിന്നോടാണ്
അത് പറയാൻ വിട്ടും പോയി
ഇനിയൊരു ഇന്നലെയില്ലല്ലോ?

പറയാതെ പോയതൊക്കെ
നാളെ പറയാനും കഴിയില്ല!
ഒരുമ്മ മാത്രം കടമായിട്ടുണ്ട്
ഏതെങ്കിലും ജന്മത്തിൽ തരാം!

✵

സുഭാഷിതം

ജീവിതം സന്തോഷകരമാക്കുവാൻ

Er കെ. ശശിധരൻ (റിട്ട.)
കണ്ണൂർ

കുടുംബ ജീവിതം വളരെ സന്തോഷത്തോടെയായിരിക്കണം എന്ന് എല്ലാവരും ആഗ്രഹിക്കും. എന്നാൽ, പലർക്കും അതിന് സാധിക്കാറില്ല. കാരണം, പരസ്പരം മനസ്സിലാക്കുവാനൊ, അത് ഉൾക്കൊണ്ട് അതിനനുസരിച്ച് പ്രതികരിക്കുവാനൊ സാധിക്കുന്നില്ല.

ഒരു സാധാരണ കുടുംബം. സമയം രാത്രി 9 മണി, കുട്ടികൾ നാളത്തേക്കുള്ള പാഠഭാഗങ്ങളെല്ലാം പഠിച്ചു കഴിഞ്ഞു. അമ്മ ഭക്ഷണം വിളമ്പി. എല്ലാവരും ഒന്നിച്ച് ഭക്ഷണമേശക്ക് ചുറ്റും ഇരുന്നു. ഭക്ഷണം കഴിക്കാൻ തുടങ്ങി. ആദ്യ ഉരുള വായിലേക്ക് വെച്ച മകൻ അച്ഛന്റെ മുഖത്തേക്ക് നോക്കി. കറിയിൽ തീരെ ഉപ്പില്ലായിരുന്നു. അച്ഛന് കാര്യം പിടികിട്ടി. ഉച്ചക്ക് വീട്ടിൽ നിറയെ വിരുന്നുകാരായിരുന്നു. അവർക്ക് ആവശ്യത്തിന് ഭക്ഷണം തയ്യാറാക്കിയ ഭാര്യ ഏറെ ക്ഷീണിച്ചിരുന്നു. രാത്രിയിലേക്ക് കൂടി തികയുമെന്ന് കരുതി തയ്യാറാക്കിയ ഭക്ഷണം കഷ്ടിച്ചാണ് ഉച്ചത്തേക്ക് തന്നെ തികഞ്ഞത്. അത്രയും ക്ഷീണിച്ച അവൾക്ക് രാത്രിയിലേക്കുള്ള ഭക്ഷണം കൂടി തയ്യാറാക്കാൻ സാധിക്കുമെന്ന് ഒരിക്കലും കരുതിയിരുന്നില്ല. നമുക്ക് ഹോട്ടലിൽ നിന്ന് വല്ലതും വാങ്ങാം എന്ന് പറഞ്ഞതുമാണ്, പക്ഷേ അവൾ സമ്മതിച്ചില്ല. ആ ക്ഷീണമൊന്നും വക വെക്കാതെ രാത്രിയിലേക്കുള്ള ഭക്ഷണവും അവൾ തന്നെ തയ്യാറാക്കുകയായിരുന്നു. അപ്പോൾ ചിലപ്പോൾ ഉപ്പിടാനോ മറ്റും മറക്കുന്നത് തികച്ചും സ്വാഭാവികം.

കുട്ടികൾ വല്ലതും പറയും മുമ്പേ അവളോടായി അയാൾ ഇങ്ങനെ പറഞ്ഞു.

“ഉപ്പിടാൻ മറന്നു അല്ലേ, നിനക്ക് എത്രമാത്രം ക്ഷീണമുണ്ടെന്ന് എനിക്ക് മനസ്സിലാകുന്നുണ്ട്. എന്നാലും നീ എങ്ങനെ ഇതെല്ലാം ഉണ്ടാക്കി എന്നാ ഞാൻ ചിന്തിക്കുന്നത്. ഞാനായിരുന്നെങ്കിൽ നേരെപോയി കിടക്കുമായിരുന്നു.”

ഇത് കേട്ട ഭാര്യക്ക് എന്തെന്നില്ലാത്ത സന്തോഷം, അവളുടെ കണ്ണുകൾ നിറഞ്ഞു. തന്റെ അദ്ധ്വാനത്തിന്റെ നിർവൃതിയായിരുന്നു അവൾ അപ്പോൾ അനുഭവിച്ചത്. ഇത് കേട്ട മക്കളും ഭക്ഷണത്തെക്കുറിച്ച് നല്ലത് പറയാൻ തുടങ്ങി. വേണമെങ്കിൽ അത്രയും വിഭവങ്ങൾ ഇനിയും ഉണ്ടാക്കാനുള്ള ഊർജ്ജമാണ് ആ വാക്കുകളിലൂടെ അവൾക്ക് പകർന്ന് കിട്ടിയത്.

നോക്കൂ എത്ര സന്തുഷ്ടമായ കുടുംബമായിരിക്കും അത്. പരസ്പരം അറിഞ്ഞും മനസ്സിലാക്കിയും താങ്ങും തണലുമായി മുന്നോട്ട് പോവുമ്പോഴാണ് കുടുംബജീവിതം ഇമ്പമുള്ളതാവുന്നത്. കുടുംബജീവിതത്തിൽ കുറ്റപ്പെടുത്തലുകൾക്കും അവഗണനകൾക്കും ഒരിക്കലും ഇടം നൽകരുത്.

ഒരാൾ സുന്ദരിയായ ഒരു പെൺകുട്ടിയെ കല്യാണം കഴിച്ചു. അവൻ അവളെ വളരെയധികം സ്നേഹിച്ചിരുന്നു. കാലം കഴിഞ്ഞപ്പോൾ ഒരിക്കൽ അവൾക്ക് ചർമ്മ രോഗം പിടിപെട്ടു. അവളുടെ സൗന്ദര്യം സാവകാശം കുറഞ്ഞു വന്നു. അതിനിടയിൽ ഒരു സംഭവമുണ്ടായി. ഭർത്താവ് ടൂർ കഴിഞ്ഞു വരുന്നതിനിടയിൽ ഒരു അപകടത്തിൽ പെട്ടു. അപകട

പ്രയോജനപ്പെടുത്താത്ത പാർപ്പിടങ്ങൾ

Er ഇ.എം. നസീർ
എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ട.)

ഏകദേശം അഞ്ചുകൊല്ലം മുമ്പുള്ള ഒരു കണക്കനുസരിച്ച്, സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയായ ഫ്ളാറ്റുകൾ ഉൾപ്പെടെ 15 ലക്ഷം വാസയോഗ്യമായ വീടുകൾ താമസിക്കാനാളില്ലാതെ ഒഴിഞ്ഞു കിടക്കുകയായിരുന്നു. ഇപ്പോൾ അത് വളരെയേറെ കൂടിയിട്ടുണ്ടാകും. പക്ഷേ ഭവന നിർമ്മാണത്തിന് ഇപ്പോഴും കുറവൊന്നുമില്ല. ഉപയോഗിക്കപ്പെടാത്ത ഇത്തരം നിർമ്മിതികൾക്കു വേണ്ടി ചെലവഴിക്കുന്ന പണത്തിനും സഹിക്കുന്ന ബുദ്ധിമുട്ടിനും ഉപയോഗിക്കുന്ന നിർമ്മാണ വസ്തുക്കളായ പാറ, മണൽ, മെറ്റൽ, സിമന്റ്, കമ്പി തടി തുടങ്ങിയവയ്ക്കും കൈയും കണക്കുമില്ല.

ഭൂമി ദൗർലഭ്യമുള്ള നാട്ടിലാണ് ഇങ്ങനെ വെറുതെ സിമന്റ് കട്ടികൾ ഉണ്ടാക്കി ഭൂമി പാഴാക്കുന്നത്. കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി, നദികളും, പുഴകളും കൈയേറുന്നു. ജലാശയങ്ങളെയും തടാകങ്ങളെയും നശിപ്പിക്കുന്നു. പലയിടത്തും മഴവെള്ള ബഹിർഗമന മാർഗ്ഗങ്ങൾ വരെ തടസ്സപ്പെട്ട് വെള്ളക്കെട്ടുകൾ

ത്തിൽ അയാളുടെ കണ്ണിന് പരിക്കു പറ്റി കാഴ്ച നഷ്ടപ്പെട്ടു. എങ്കിലും അവരുടെ ദാമ്പത്യ ജീവിതം സാധാരണ പോലെ മുന്നോട്ടു പോയി. ദിവസങ്ങൾ കടന്നുപോകുന്തോറും അവളുടെ സൗന്ദര്യം നഷ്ടപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ, അന്ധനായ ഭർത്താവ് ഇതൊന്നും അറിഞ്ഞില്ല. അതിനാൽ അവരുടെ ദാമ്പത്യ ജീവിതത്തിന് ഒരു പോറലുമുണ്ടായില്ല. അയാൾ അവളെ പഴയതുപോലെ സ്നേഹിച്ചു. അവളും അവനെ അതിരറ്റു സ്നേഹിച്ചു. ഒരു ദിവസം വീട്ടിലെ സ്റ്റേർകെയിസിൽ നിന്നും വീണ് തലക്ക് പരിക്കുപറ്റി ഭാര്യ മരിച്ചു. ഭാര്യയുടെ മരണം അയാളെ അഗാധ ദുഃഖത്തിലാഴ്ത്തി. ഭാര്യയുടെ മരണാനന്തര ചടങ്ങുകൾക്ക് ശേഷം അയാൾ അവിടെ നിന്നും നടന്നു നീങ്ങി. അയാളുടെ പുറകിലുണ്ടായിരുന്ന ഒരാൾ അയാളോട് ചോദിച്ചു. ഇപ്പോൾ നിങ്ങൾക്കെങ്ങിനെ തനിച്ച് നടക്കുവാൻ സാധിക്കുന്നു ? കഴിഞ്ഞ ദിവസങ്ങളിൽ നിങ്ങളുടെ ഭാര്യ സഹായത്തിനുണ്ടായിരുന്നു. അയാൾ തന്റെ സൺഗ്ലാസ് മാറ്റി പറഞ്ഞു. ഞാൻ അന്ധനല്ല. ഞാനന്ധനാണെന്ന് നടിക്കുകയായിരുന്നു. കാരണം അവളുടെ വൈരൂപ്യം ഞാൻ മനസ്സിലാക്കി എന്ന് അവൾ അറിഞ്ഞാൽ അവൾ വല്ലാതെ വേദനിക്കും. അത് അവളുടെ രോഗത്തിനെക്കാൾ കഠിനമായിരിക്കും. അതിനാൽ ഈ കാലമത്രയും ഞാൻ അന്ധനാണെന്ന് നടിക്കുകയായിരുന്നു. അവൾ നല്ലൊരു ഭാര്യയായിരുന്നു. എനിക്ക് അവളുടെ സന്തോഷം നിലനിർത്തണമായിരുന്നു.

ചിലപ്പോൾ നമ്മുടെ ജീവിതത്തിലും അന്ധത നടിക്കുന്നത് നല്ലതാണ്. മറ്റുള്ളവരുടെ സന്തോഷത്തിനായി അവരുടെ പോരായ്മകൾ അവഗണിക്കണം. ചില ദുർഘടാവസ്ഥ അവഗണിച്ചാൽ ജീവിതം സുഖകരമാക്കാം......

രൂപപ്പെട്ട് ബുദ്ധിമുട്ടുകൾക്കു കാരണമാകുന്നു. ചുരുക്കത്തിൽ പ്രകൃതിയിൽ കടുത്ത പ്രഹര മേൽപ്പിച്ചുകൊണ്ടാണ് ഓരോ കെട്ടിടവും ഉയർന്നുവരുന്നത്. പണം പാഴാക്കി പരിസ്ഥിതിയെ തകർത്തു കൊണ്ടുള്ളതാണ് ആധുനിക നിർമ്മിതികളെല്ലാം തന്നെ. പക്ഷേ അവയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നില്ലായെന്നതാണ് ഖേദകരമായിട്ടുള്ള കാര്യം.

ഇതോടൊപ്പം പറയേണ്ട ഒരു കാര്യം കൂടിയുണ്ട്. ഈ കെട്ടിടങ്ങളിലുപയോഗിക്കുന്ന പെയിന്റുകൾ രാസവസ്തുക്കൾ അടങ്ങിയതാണ്. ഇവ ആരോഗ്യത്തിന് ഹാനികരമാണോയെന്ന്, പെയിന്റു കമ്പനികളെ സഹായിക്കാൻ വേണ്ടിയാകാം ആരും പരിശോധിച്ചിട്ടില്ല. അവയിൽ നിന്നുള്ള ഗന്ധം പലപ്പോഴും ദുസ്സഹമാണെങ്കിലും അവയുടെ ആവർത്തിച്ചുള്ള ഉപയോഗത്തിന് കുറവൊന്നുമില്ല.

ദശാബ്ദങ്ങൾക്കു മുമ്പ് വീടുകൾ പണിഞ്ഞിരുന്നത് പല തലമുറകൾക്ക് പ്രയോജനപ്പെടാൻ ലക്ഷ്യമിട്ടായിരുന്നു. ഇപ്പോൾ ഒരു തലമുറ തന്നെ കഷ്ടിച്ച് പ്രയോജനപ്പെടുത്തിയാലായി. വീടുകൾ ഏറെയുണ്ടെന്നല്ലാതെ താമസിക്കാനാളില്ലാത്ത സ്ഥിതിയാണ് പലയിടത്തും. അണു കുടുംബ സമ്പ്രദായം വന്ന് അംഗസംഖ്യ കുറഞ്ഞു. പുതുതലമുറ തൊഴിൽ തേടി അന്യ നാടുകളിലും വിദേശ രാജ്യങ്ങളിലുമെത്തി മടങ്ങിവരാത്തവിധം കുടിയേറ്റം നടത്തുമ്പോൾ അവരുടെ വൃദ്ധമാതാപിതാക്കളും നാടും വീടും ഉപേക്ഷിച്ച് മക്കളോടൊപ്പം അന്യനാടുകളിൽ ചേക്കേറാൻ നിർബന്ധിതരായി. വീടുകൾ ഒഴിഞ്ഞു കിടക്കുന്നതിന് ഇതൊക്കെ കാരണങ്ങളായി.

ഒട്ടനവധി വീടുകൾ തിരിഞ്ഞുനോക്കാനാളില്ലാതെ ചിതലെടുത്തും ചോർന്നൊലിച്ചും മാറാലപിടിച്ചും ജീർണ്ണിച്ച് നശിക്കുമ്പോൾത്തന്നെ സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന ഒട്ടേറെയാളുകൾ തലചായ്ക്കാനിടമില്ലാതെ വിഷമിക്കുന്നു !

വലിയ പ്രതീക്ഷകളും സങ്കല്പങ്ങളും കണക്കുകൂട്ടലുകളുമായി അതിസൂക്ഷ്മതയോടെയാണ് പലരും പാർപ്പിടങ്ങൾ നിർമ്മിക്കുന്നത്. അവയുടെ രൂപകല്പനയിലും നിർമ്മാണത്തിലും വലിയ ശ്രദ്ധയാണ് ചെലുത്തുക. നിർമ്മാണ വസ്തുക്കളുടെ ഗുണനിലവാരത്തിലും കർശന നിഷ്കർഷകൾ ഉണ്ടാകും. വളരെ മികച്ച ആന്തരിക അലങ്കാര പ്പണികളും കൗതുക വസ്തുക്കളുടെ വൻശേഖരവും മിക്ക വീടുകൾക്കുമുണ്ടാകും. മുന്തിയതരം വീട്ടുപകരണങ്ങൾ വേറെ. ഇങ്ങനെയുള്ള കൊട്ടാര സമാനമായ വീടുകൾ ചൂഷകർ കൽപ്പിക്കുന്ന വളരെ കുറഞ്ഞ വിലയ്ക്ക് വിറ്റ് മനസ്സില്ലാമനസ്സോടെ ഉപേക്ഷിക്കാൻ നിർബന്ധിതരാകുന്നു. അങ്ങനെ ജന്മനാടുമായുള്ള സ്വന്തബന്ധങ്ങളുടെ വേരറുത്തു കൊണ്ടാണ് പലരുടെയും വാർദ്ധക്യകാല വിദേശ കുടിയേറ്റം.

ഒരു വശത്തുള്ള പാഴാക്കലും മറ്റൊരു ഭാഗത്തു കടുത്ത ഇല്ലായ്മയും തമ്മിലുള്ള അത്തരം കുറയ്ക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായിരിക്കുന്നു. സർക്കാരിന്റെ ശക്തവും സമയോചിതവുമായ ഇടപെടലുകളാണിക്കാര്യത്തിലാവശ്യം.

ഉടമസ്ഥർ വീണ്ടും ഉപയോഗിക്കാനിടയില്ലാത്ത കെട്ടിടങ്ങൾ ന്യായമായ വില നൽകി സർക്കാർ ഏറ്റെടുക്കാൻ സംവിധാനങ്ങളൊരുങ്ങണം. ഇതിനുള്ള പണം കണ്ടെത്താൻ നികുതി വർദ്ധന കൂടാതെയുള്ള മാർഗ്ഗങ്ങൾ അവലംബിക്കണം.

ചെലവു ചുരുക്കൽ, പ്രത്യുൽപാദനപരമല്ലാത്ത തസ്തികകൾ വെട്ടികുറയ്ക്കൽ തുടങ്ങിയ പുരോഗമന മാർഗ്ഗങ്ങളിലൂടെ മാത്രമേ സർക്കാരുകൾക്ക് വരും കാലങ്ങളിൽ പിടിച്ചു നിൽക്കാനാകൂ. അങ്ങനെ ലഭിക്കുന്ന പണം ഇങ്ങനെയുള്ള കാര്യങ്ങൾക്ക് പ്രയോജനപ്പെടുത്താം.

മേൽ സൂചിപ്പിച്ചപോലെ സർക്കാർ ഏറ്റെടുക്കുന്ന കെട്ടിടങ്ങൾ, ആവശ്യത്തിനുവേണ്ട അറ്റകുറ്റ പണികൾക്കുശേഷം വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾക്കായി പ്രയോജനപ്പെടുത്താം. ചെറിയതോതിലുള്ള ഒഴിവാക്കാനാവാത്ത രൂപമാറ്റങ്ങൾക്കുശേഷം ഹോസ്റ്റലുകൾ, ലോഡ്ജുകൾ, വൃദ്ധസദനങ്ങൾ തുടങ്ങിയ ആവശ്യങ്ങൾക്കും പ്രയോജനപ്പെടുത്താം. വിലയ്ക്കുവാങ്ങാൻ തയാറുള്ള ആവശ്യക്കാരുണ്ടെങ്കിൽ അവർക്ക് വിൽക്കുകയുമാകാം. വീടുവാങ്ങാൻ നിവർത്തിയില്ലാത്തവർക്കുവേണ്ടി ഒരു വീടിനെ ചെറുപാർപ്പിടങ്ങളായി വേർതിരിച്ച് സൗജന്യമായി നൽകി ദുർബല വിഭാഗക്കാർക്കായുള്ള പുതിയ പാർപ്പിട പദ്ധതികളിൽ കുറവു വരുത്താം. ഇങ്ങനെ വീട്ടുടമകളെ നഷ്ടത്തിൽ നിന്ന് കരകയറ്റിയും ചൂഷകരിൽ നിന്ന് മോചിപ്പിച്ചും സഹായിക്കാനാകും, ദേശീയ നഷ്ടം കുറയ്ക്കാനുമാകും.

ഇപ്പോഴത്തെ സാഹചര്യത്തിൽ ജനോപകാരപ്രദങ്ങളായ റോഡുകൾ പാലങ്ങൾ, ഫ്ളൈഓവറുകൾ, റെയിൽവേ ഓവർ ബ്രിഡ്ജുകൾ, സബ് വേകൾ, എലിവേറ്റഡ് ഹൈവേകൾ തുടങ്ങിയവയുടെ അനിവാര്യത വളരെ കൂടുതലാണ്. ആവശ്യമില്ലാതെയുള്ള കെട്ടിടങ്ങളുടെ നിർമ്മാണം ബോധവൽക്കരണത്തിലൂടെ നിരുത്സാഹപ്പെടുത്തണം. അടച്ചിടാനായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കുവേണ്ട നിർമ്മാണ വസ്തുക്കൾ, അവയുടെ കടുത്ത ദൗർലഭ്യം നേരിടുന്ന റോഡു വികസന പദ്ധതികൾക്ക് പ്രയോജനപ്പെടുത്താം. Time is money എന്ന ആശയത്തിലൂന്നിയുള്ള റോഡു വികസനം, യാത്രാവേളകളിലെ സമയനഷ്ടം വലിയൊരളവുവരെ കുറയ്ക്കാൻ സഹായകമാകും. തൊഴിൽ രഹിതരാകാൻ സാദ്ധ്യതയുള്ള കെട്ടിട നിർമ്മാണത്തൊഴിലാളികളെ കാർഷിക രംഗത്ത് പ്രയോജനപ്പെടുത്തി വിഷരഹിത കാർഷിക വിഭവങ്ങൾ ഉല്പാദിപ്പിക്കാം. അങ്ങനെ പ്രായോഗിക ബുദ്ധിയിലൂടെ അത്ഭുതങ്ങൾ തന്നെ സൃഷ്ടിക്കാം.

✵

കവിത

വെമ്പൽ

Er. ദീപിക ഡി.റ്റി.
അസിസ്റ്റന്റ്എഞ്ചിനീയർ

കുഞ്ഞിപ്പരലും അയിരയും
മാനത്തു കണ്ണിയും നീന്തി –
തുടച്ചൊരാ ചേറ്റിലെ തെളി നീരിൽ
വയലിന്റെ മണമങ്ങാവോളം
അറിയുവാൻ കൊതിയായി
എനിക്കിന്നും വെമ്പലായി...
എന്നെന്നും ഓർക്കുവാൻ
വിലയേറും ഓർമ്മകൾ
തരുന്നതാണീശ്വരൻ എന്ന–
–തറിയാതെ കുഞ്ഞുമീനിനെ
പരതി നടന്നന്നു ഞാൻ.. വയൽ
– വരമ്പിലെ ചേറ്റിൽ.. വെമ്പലോടെ... !

✵

Mutualistic World and Narcissistic Man

Er Thomas Kolanjikombil
Maramon.

Over millions of years, our planet developed a successful and healthy ecosystem as, humans, the animals, plants and lots of other species found amazing ways to work together, becoming partners of survival. When the members of two species have an association that is beneficial to both, especially in their survival, that interaction is called mutualism. The term mutualism is not synonyms with cooperation or symbiosis. Cooperation is the useful interaction between two or more individuals, where as mutualism is the positive interaction between creatures of different species. The term symbiosis identities, an innate and close association between two species but need not be beneficial to both. Parasites like tapeworm and lice are symbiotic but not mutualistc.

From the basic microorganism to sophisticated and intelligent human being, all are probably involved in several mutualism in their life time. We need oxygen for life and exhale carbon dioxide. The plants use carbon dioxide in photosynthesis to make their own food and give out oxygen as by-product. Here both are mutually benefited.

Broadly there are three types of mutualism among the biodiversity. Widespread one is pollination. Plants rely on pollinators to ferry pollen between flowers for reproduction. The pollinators receive nectar or pollen as their reward for this service. Honey bees alone pollinate 80% of all flowering plants. According to FAO of United Nations, one third of world's food production is dependent on bees. No wonder, Einstein said, 'If the bees disappeared off the face of earth, man would only have four years left to live'. A citation, why mutualism is so fundamental to human survival. Cleaning is another type of mutualism. Here one partner gets its parasites removed as birds feed on them. Oxpecker and zebra relationship. Rhinos and many large gazing mammals take the assistance of birds to get rid of the blood suckling parasites infested on their skin. Egyptian plover (bird), without fear enter crocodile's mouth and clean it's teeth of food particles, while crocodile take rest after a meal. Zoochory is another type of mutualism; disposal of plant's seed by animals. This may be by sticking of plant's seeds on the fur/skin of animals or the animals eat the fruits but the seeds remain undigested and deposited in the feces at far away places.

There are many examples of mutualism in nature, particularly in weak species/organisms. Aphids and ants ; ants feed on the honey dews, a waste commodity produced by aphids and ants in return are their transporter. The mutualism between honey guide birds and honey badger, leaf cutter ants and fungi, sea anemone and clownfish, nitrogen fixation by rhizobium bacteria found in the root of leguminous plants, etc are mind blogging. Some specific strain of E - coli bacteria in our gut are mutualistc

as we provide food and shelter and in exchange they donate vitamin K and some essential minerals. Prebiotics are beneficial microbes in our gastrointestinal tract that helps digestion, prevent infection and produce vitamin B, healthy fatty acids, etc.

The fascinating story of fig and wasp mutualism ; Fig is not actually a fruit, it is an inflorescence - a cluster of many flowers and seeds contained in a bulbous stem. When the female flowers inside the fig is ready for pollination, it emits an enticing aroma that attracts only female wasps of specific type for that tree. These wasps struggle to get inside through the small hole at the apex of fig. In this struggle wasp lose its wings. Once inside, the female wasp runs around and pollinate the fig, with pollen it carried from another fig. It also lay eggs and dies inside the fig, as it has fulfilled its life mission. The eggs hatches, male and female and they mate. The female also collect pollen. The wingless male tunnel an opening in the fig for the female to escape. The escaped females pollinate another fig and the cycle continues. The males spend their entire life within a single fig fruit.

Ecologists believe that almost every species on earth is directly or indirectly involved in one or more form of mutualistc relations. But, are we humans moving towards a narcissistic society. Narcissism is extreme self-centeredness, to a degree that it makes a person to ignore the needs of those around them. We all fall somewhere along narcissism continuum. Trauma, rejection, negative childhood experiences can contribute to develop narcissistic traits. Favouritism, cronyism and nepotism seen in the public sphere, cutthroat competition, transition in family values, all make man narcissistic. The belief that one's worth is tied to external markers like wealth, status and matteral possessions, fuelled by the culture of consumerism, foster narcissism. Today digital technology control every aspect of our life style and we cannot do without it. But its harm to the society cannot be disregarded. It placed man in a digital cocoon, a barrier to express humanity.

What humanity has gained from the prolonging war in Ukraine. It left some 3.7 million people displaced in that country and another 6.5 million as refugees globally. Ukraine, once world's biggest exporters of food grains is now on the verge of famine. The unending hostilities in Palestine proved the futility of wars as a means of resolving problems. In fact the underlying problems has only worsened.

'No man is an island', excerpt from the book 'Devotions upon emergent occasions' by John Donne is about the connection between all of the humankind. He argues that people need each other and are better together than they are in isolation. We often live under the illusion of total self-sufficiency and independence, but being human requires participation and engagement with wider community, that is humankind. "Because people are all connected, something happens to one person affects every person. So any one's death diminishes me", says Donne. Therefore people should cherish being alive and while alive embrace being part of wider human family. We are one piece of a larger Whole. We are united through being part of God's creation and an expression of His will.

കവിത

എന്തിനോ തുടിക്കുന്ന പെരുവിരൽ

Er സുരേഷ്കുമാർ
എക്സിക്യൂട്ടീവ് എൻജിനീയർ

മഹാഭാരതത്തിൽ നിന്നും നീതിനിഷേധത്തിന്റെ നോവുണർത്തുന്ന ഒരേട് ....
നിഷാദരാജകുമാരനായ ഏകലവ്യന് ധനുർവിദ്യ നിഷേധിച്ച ദ്രോണാചാര്യർ
കുറെക്കാലംകഴിഞ്ഞ് പകർന്നുകൊടുക്കാത്ത വിദ്യയ്ക്ക് ഗുരുദക്ഷിണയായി
വലംകൈയിലെ പെരുവിരൽ ഛേദിച്ചുവാങ്ങിയതിലൂടെ തന്റെ പ്രിയശിഷ്യനായ
അർജ്ജുനനെക്കാൾ മികച്ച വില്ലാളിയാകുമായിരുന്നവനെ ഇല്ലാതാക്കി..........
പാർശ്വവത്ക്കരണത്തിന്റെയും സ്വജനപക്ഷപാതത്തിന്റെയും കൊടുംചതിയുടെയും
കഥയോർമ്മിപ്പിച്ച് കാലാതിവർത്തിയായി ജീവിക്കുന്ന ഒരു രക്തസാക്ഷി കൂടി......

ഞാണുവലിച്ചാരോ കുലച്ച ധനുസ്സിൽ
നിന്നെന്നപോലടക്കാനാവാത്തൊരസ്ത്ര-
വിദ്യാവാഞ്ഛയങ്ങൊടുവിലെത്തിച്ചു
മാമ്പെഴും ദ്രോണാചാര്യസവിധത്തിൽ.

ആ നാളെന്നുർത്തുപോമേകലവ്യൻ,
വിദ്യാഭിക്ഷുകിയായ് തൻമുന്നിൽ
പകച്ചുനില്ക്കും ബാലനോടായിടി-
വെട്ടുംപോൽ ചോദിപ്പു ഗുരോത്തമൻ :
'നിൻ കുലമേത്? കുടുംബമേത്?
മടിക്കാതെ ചൊല്ലു, നീയാരു കുമാരകാ?

'ഒട്ടൊന്നറച്ചെങ്കിലും പതിഞ്ഞൊ-
രീണത്തിൽ മറുപടിയോതിനാൻ'.
"ഭദ്രമീയാരണ്യമടക്കി വാഴുന്നൊരാ
നിഷാദരാജൻ ഹിരണ്യധനുസ്സിൻ
പ്രിയതനയനാണീ നില്പവൻ ഗുരോ".
താണുവണങ്ങിയവനാ വരേണ്യനെ.

കാട്ടുജാതിയിൽപ്പിറന്നതെറ്റി,നതു
തെറ്റല്ലെങ്കിലുമവനെ ശിക്ഷിച്ചു പാരം
മുനിശ്രേഷ്ഠനാശുനിഷേധിച്ചു നിർദ്ദയം
ബാലകനേറെക്കൊതിച്ച ധനുർവിദ്യ.

ആചാര്യമുഖത്തുനിന്നതു കേട്ടൊരു
മാത്രയിൽ വിഷാദഗ്രസ്തനായിനിന്നു
ചിന്താവിവശനായേകലവ്യ,നവൻ
കാടിന്റെ കൃഷ്ണമണിയാമോമനപ്പുത്രൻ.

നമ്രശിരസ്ക്കനായ്പ്പിന്നെ നടന്നകന്നു
മറ്റൊന്നുമോരാതെ,മിഴികൾ തോരാതെ
കാണാമറയത്തവൻതീർത്തു ഗുരുവിൻ
മൺപ്രതിമ, മറ്റൊന്നുണ്ട് മനസ്സിലും !

അന്നാ പ്രതിഷ്ഠയ്ക്കുമുന്നിലഞ്ജലീബദ്ധം
വന്ദിച്ചുനിന്നു തൻമാനസഗുരുവിനെ,
ധനുർവിദ്യകളവനൊന്നൊന്നായി
മന:പാഠമാക്കി,ത്തുടർന്നു തന്നാഭ്യാസം.

ഒടുവിലെപാഠവും പഠിച്ചുതീർ-
ത്തവൻ പ്രിയഗുരുവിനായർപ്പിച്ചു
സാഷ്ടാംഗപ്രണാമം തൃക്കാൽക്കലാ-
യൊപ്പം സമർപ്പിച്ചു സ്വയമാസമക്ഷം.

തെല്ലുനാളുകൾക്കപ്പുറമടവി തന്നിൽ
വില്ലാളിവീരനാം പാർത്ഥനും കൂട്ടരു-
മാർത്തുവിളിച്ചെത്തി സാമോദ-
മാരംഭമായി വൻമൃഗയാവിനോദം.

കൊടുങ്കാറ്റടിച്ചപോൽ കാന്താരമിളകി,
പേടിച്ചരണ്ടോടി മൃഗജാലങ്ങൾ
ചുറ്റിലും പ്രാണരക്ഷാർത്ഥം, മിതെന്തെ-
ന്നറിയാനണഞ്ഞിങ്ങേകലവ്യനും.
ശീഘ്രം തൊടുത്തോരമ്പു കണക്കെ-
യാക്കൂട്ടത്തിലെ വേട്ടനായൊന്നുഗ്രമായ്
കുരച്ചു പാഞ്ഞെത്തിക്കുതിച്ചുചാടി
നിഷാദകുമാരന്റെ നേർക്കായ് വന്യം.

ഷിപ്രനേരം കൊണ്ടാ ദുഷ്ടമൃഗത്തിൻ
നീണ്ട നാവിലസ്ത്രങ്ങളൊന്നല്ല,
യേഴെണ്ണമൊന്നിച്ചെയ്തു, കാട്ടിലെ
വില്ലാളിവീരനാം മാതംഗതരുണൻ.

കാട്ടുതീയാളിപ്പടരും വേഗത്തിൽ
കൂട്ടത്തിലാരോയീ വർത്തമാനം
മഹർഷിതൻ കാതിലുമാറാതെ പകർ-
ന്നേഷണിയേറ്റിയാ പഴങ്കഥയുമൊപ്പം.

മുളപൊട്ടും വിഗതജ്വരപ്പൊടിപ്പുകൾ
മറച്ചുവയ്ക്കാനരുതാതർജ്ജുനൻ
ഗുരുവിനോടോതി: 'എന്നെ വെല്ലുമൊരു
ധനുർധാരിയെ വാർത്തെടുത്തല്ലോ ഭവാൻ !"

കഥകളേതാണ്ടറിഞ്ഞ മാമുനിശ്രേഷ്ഠം-
നാളയച്ചു താൻ കാണാത്ത ശിഷ്യനെ
കൂട്ടിയെത്താനൊട്ടുമേ വൈകാതെ
നേരിൽക്കണ്ടു ചിലതൊക്കെറിയുവാൻ.

പെരുമ്പറപോൽ തുടിപ്പൂ പൊൻഹൃത്തടം,
വിറയാർന്നൂ, ഞാൺവലിക്കും വിരലുകൾ
ഗുരുദർശനമെത്രയോ ജന്മപുണ്യ-
മങ്ങോടിക്കിതച്ചെത്തി കുമാരകൻ.

"മമഗുരോ, തവപാദാരവിന്ദങ്ങൾ
തൊട്ടൊന്നു നമിച്ചോട്ടെ, കേവലനാമിവൻ
നേടിയ വിദ്യകൾക്കൊക്കെയും മേലെ
മതിക്കുന്നു പ്രിയഗുരുവിന്റെ സംപ്രീതി.

പാരിലങ്ങേയ്ക്കു പ്രിയശിഷ്യനാരാകിലു-
മെൻ മാനസഗുരുവായി താങ്കൾമാത്ര-
മത്രമേൽ പ്രാർത്ഥനാഭരിതം നില്പൂ ഞാൻ
മഹാത്മൻ, ഗുരുദക്ഷിണ ചോദിച്ചാലും".

തെല്ലറയ്ക്കാതെ മുനി ചൊല്ലിയേവം:
'നിൻവലംകൈയിലെ പെരുവിരൽ മാത്രം
ഗുരുദക്ഷിണയായെൻ തൃപ്തിക്കായ്
സമർപ്പിക്കൂ, കുമാരാ നീ മടിച്ചിടാതെ'.

കേട്ടമാത്രയിലൊരു വിഷബാണം
നെഞ്ചിൽത്തറച്ചപോലാരും നടുങ്ങി,
മരികത്തുചേർത്തു മൂർദ്ധാവിൽ
തഴുകേണ്ട കരങ്ങളത്രേ ഹാ!തൊടുത്തു?

എങ്കിലുമാ വിടർനേത്രങ്ങൾ നിറഞ്ഞില്ല
ചെങ്കനൽത്തരി ഹൃത്തിൽ നീറിയില്ല
ഒരഭൗമസാന്ദ്രസുന്ദരപ്രശാന്തഭാവം
വിരിഞ്ഞു കുമാരവദനത്തിലനന്തരം.

പച്ചിലക്കുമ്പിളിൽ നിണം വാർത്തു,
ഛേദിച്ച പെരുവിരലെന്തിനോ തുടിച്ചു,
വാഴ്‌വിന്റെ ചാപം വീണ്ടും കുലയ്ക്കാനോ?
മൊഴിമുട്ടിനിന്നു ഗുരുശിഷ്യബന്ധം.

മഹാമേരുകണക്കെവളർന്നു ശിഷ്യൻ
ഗുരുവിനേക്കാൾ തലപ്പൊക്കത്തിൽ
പാടിപ്പുകഴ്ത്താൻ പാണരില്ലാത്തവൻ !
വാടിപ്പതിക്കിലും വാക്കുപാലിച്ചവൻ!

കേവലം കൈക്കുമ്പിളിലൊതുങ്ങാത്ത
ഹൃദന്തമപ്പൊഴുമാ കാട്ടുബാലകനിൽ
തുടിച്ചിരുന്നു, കാടുകേറിയാൽക്കാണും
നേരുതീർക്കുന്ന തീരാഗുരുഭക്തിയിൽ.

ചോദിച്ച ദക്ഷിണയെന്തായാട്ടെ, ശ്രേഷ്ഠഗുരോ
വില്ലു കുലയ്ക്കുംപെരുവിരലല്ല,യവന്റെ
കാടുപോൽ സ്വപ്നങ്ങൾ പൂത്തുലയും
കറുത്തകരളുമറുത്താ കാല്ക്കലേകും.

വരേണ്യവിദ്യാവിലക്കിൻ നാക്കിലയിലാ-
പ്പെരുവിരലിന്നും തുടിച്ചിറ്റിവീഴ്ത്തും
ചുടുരക്തബിന്ദുക്കളതിലെത്രയോ-
യേകലവ്യൻമാരുയിർത്തിടും പിന്നെയും.

✵

ഗാനമാധുരി - 16

വിഷു - ആഘോഷവും ഐതിഹ്യവും പാട്ടുകളും

(രണ്ടാം ഭാഗം - തുടർച്ച)

Er പി. വി. പ്രമോദ്
എക്സിക്യൂട്ടീവ് എഞ്ചിനീയർ

വിഷുവിന്റെ ചടങ്ങുകളും പ്രതീകങ്ങളും

വിഷുവുമായി ബന്ധപ്പെട്ടുള്ള ആചാരങ്ങളും പ്രതീകങ്ങളും പലതുണ്ട്.

1. വിഷുക്കണി

വിഷുവുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാന ചടങ്ങാണ് വിഷുക്കണി.വിഷുദിനത്തിൽ പുലർച്ചെയുള്ള സംക്രമ വേളയിലാണ് കണി കാണുന്നത്. വൃത്തിയാക്കി തേച്ചുമിനുക്കിയ ഓട്ടുരുളിയിൽ അരിയും നെല്ലും പാതി നിറച്ച് അതിൽ കണിക്കൊന്ന, കണിവെള്ളരി, വെറ്റില, പഴുക്കടക്ക, മാങ്ങ, ചക്ക, വാഴപ്പഴം, അലക്കിയ മുണ്ട്, കൃഷ്ണവിഗ്രഹം, സ്വർണാഭരണം, ഗ്രന്ഥം, നാണയം, വാൽക്കണ്ണാടി, കൺമഷി, സിന്ദൂരം എന്നിവ വയ്ക്കുന്നു. കിഴക്കോട്ട് തിരിയിട്ട ഒരു നിലവിളക്ക് കത്തിച്ചു വെച്ചിരിക്കും. സ്വർണ്ണവർണ്ണത്തിനാണ് കണിയിൽ പ്രാധാന്യം. സ്വർണവർണമുള്ള കൊന്നപ്പൂക്കൾ കണി വസ്തുക്കളിൽ പ്രധാനമാണ്.

ശ്രീകൃഷ്ണ വിഗ്രഹമോ ചിത്രമോ കണിയൊരുക്കത്തിൽ മുഖ്യമാണ് .

നരകാസുരനെ വധിച്ചത് ശ്രീകൃഷ്ണനാണെന്ന ഐതിഹ്യമാണ് വിഷുക്കണിയിൽ കൃഷ്ണന് സ്ഥാനമുണ്ടാക്കിയത്.

ഇതു സംബന്ധിച്ച് മറ്റൊരു ഐതിഹ്യവുമുണ്ട്. വിഷ്ണുവിന്റെ അവതാരമായ ശ്രീകൃഷ്ണൻ മാനുഷഭാവം വിട്ട് വൈകുണ്ഠത്തിലേക്ക് മടങ്ങിയത് ഒരു മേട സംക്രമസന്ധ്യയിൽ ആയിരുന്നുവത്രെ. കൃഷ്ണൻ മറഞ്ഞതിനു ശേഷം വന്ന കലിയുഗത്തെ ഭഗവൽ വിഗ്രഹം കണികണ്ടു കൊണ്ട് ഭക്തർ സ്വീകരിച്ചു. വിഷുക്കണിക്കു പിന്നിലെ ഒരു വിശ്വാസം ഇതാണ്.

ഉരുളി പ്രപഞ്ചത്തിന്റെ പ്രതീകവും അതിൽ നിറയുന്നത് കാലപുരുഷനായ മഹാവിഷ്ണുവുമാണെന്നാണ് സങ്കൽപ്പം. കണിക്കൊന്നപ്പൂക്കൾ കാലപുരുഷന്റെ കിരീടവും കണിവെള്ളരി മുഖവും കത്തുന്ന വിളക്കുതിരികൾ കണ്ണുകളും ഗ്രന്ഥം വാക്കുകളും ആണെന്നാണ് വിശ്വാസം.

കണ്ണാടിയിൽ കൂടി വേണം കണി കാണാൻ. അപ്പോൾ എല്ലാം വെട്ടിത്തിളങ്ങുന്നതു പോലെ തോന്നും. വാൽക്കണ്ണാടി ഭഗവതിയുടെ പ്രതീകമാണെന്ന സങ്കൽപവുമുണ്ട്.

കുടുംബത്തിലെ ഏറ്റവും മുതിർന്ന സ്ത്രീയാണ് കണി ഒരുക്കുന്നതും കണി കാണിക്കുന്നതും. ഇവർ തലേന്ന് രാത്രി തന്നെ കണി വസ്തുക്കൾ ഒരുക്കി വയ്ക്കും. പുലർച്ചെ എഴുന്നേറ്റ് കൈകാൽ മുഖം ശുദ്ധി വരുത്തി വിളക്കു കത്തിച്ച് കണി കാണുന്നു. തുടർന്ന് വീട്ടിലെ മറ്റുള്ളവരെ കണി കാണിക്കുന്നു. ഇതിൽ ആദ്യമായി ഗൃഹനാഥനെയാണ് കണി കാണിക്കുന്നത്. ഉറക്കത്തിൽ നിന്ന് വിളിച്ചുണർത്തി പിറകിൽ നിന്ന് കണ്ണുപൊത്തി കൊണ്ടുപോയാണ് കണി കാണിക്കുന്നത്.

ഐശ്വര്യസമ്പൂർണമായ പ്രകാശവും ധനവും ഫലങ്ങളും ധാന്യങ്ങളും ചേർന്ന വിഷുക്കണി കണ്ടുണരുമ്പോൾ പുതിയൊരു ജീവിതചംക്രമണത്തിലേക്കുള്ള വികാസം സംഭവിക്കുന്നു എന്നാണ് വിശ്വാസം.

കുടുംബാംഗങ്ങൾ കണി കണ്ട ശേഷം കണിയുരുളി കയ്യിലെടുത്ത് ഗൃഹനാഥനും കത്തിച്ച നിലവിളക്ക് കയ്യിലെടുത്ത് ഗൃഹ നാഥയും വീട്ടിലെ പൂജാമുറി, നെല്ലറ, അടുക്കള എന്നിവിടങ്ങളിൽ കണി കാണിച്ച ശേഷം മുൻവാതിലിലൂടെ പുറത്തിറങ്ങുന്നു. തുടർന്ന് വീടിന് നാലുപുറത്തുള്ള ജീവജാലങ്ങൾക്കും വൃക്ഷലതാദിൾക്കുമായി കണി കാണിക്കുന്നു. ഇതിൽ തുളസിത്തറ, തൊഴുത്ത്, സർപ്പക്കാവ്, കിണർ എന്നിവയും തെങ്ങ്, വാഴ, കൂവളം തുടങ്ങിയ വൃക്ഷങ്ങളും ഉൾപ്പെടുന്നു. കണിയുമായി വീടിനു ചുറ്റും വലം വച്ച് തിരിച്ച് വീട്ടിൽക്കയറി കണിയുരുളിയും വിളക്കും യഥാസ്ഥാനത്ത് വച്ച് മറ്റു ഗൃഹജോലികളിലേക്ക് കടക്കുന്നു.

2. വിഷുക്കൈനീട്ടം

കണി കണ്ടതിനു ശേഷം ഗൃഹനാഥൻ കുടുംബാംഗങ്ങൾക്കു നൽകുന്ന സമ്മാനമാണ് വിഷുക്കൈനീട്ടം. ആദ്യകാലങ്ങളിൽ സ്വർണ്ണം, വെള്ളി എന്നിവ കൊണ്ടുള്ള നാണയങ്ങളായിരുന്നു നൽകിയിരുന്നത്. ആധുനിക കാലത്ത് അത് കറൻസി നോട്ടുകളായി. വിഷുക്കൈനീട്ടം നൽകൽ ധനലക്ഷ്മിയെ ആദരിക്കുന്ന ചടങ്ങാണെന്നാണ് സങ്കൽപ്പം. വർഷം മുഴുവൻ ഐശ്വര്യവും സമ്പൽ സമൃദ്ധിയും ഉണ്ടാകട്ടെ എന്നാശംസിച്ചു കൊണ്ടാണ് കൈനീട്ടം നൽകുന്നത്.

3. വിഷുപ്പൂട്ടും വിഷുവിതയും

വിഷുദിനത്തിൽ കണി കണ്ടു കഴിഞ്ഞ ശേഷം വയലിൽ വിത്തിടൽ ഒരു പ്രധാന ചടങ്ങായി നടത്തിയിരുന്നു. കൈനീട്ടത്തിനു ശേഷം ഭൂവുടമയും പണിക്കാരും നേരെ വയലിലേക്കു പോകും. ഭൂമിദേവി, ക്ഷമാദേവി, കുബേരൻ എന്നീ ദേവതകൾക്ക് മൂന്നിലകളിൽ പ്രസാദമൊരുക്കുന്നു. എല്ലാം നൽകുന്ന ഭൂമിദേവിയെയും ക്ഷമയുടെ നല്ല മനോനില നൽകുന്നക്ഷമാദേവിയെയും ധന-ധാന്യങ്ങൾ നൽകുന്ന കുബേരനെയും പ്രീതിപ്പെടുത്തൽ ആണുദ്ദേശ്യം.

ഇലവച്ച ശേഷം കത്തിച്ച വിളക്കും നിറനാഴിയും വച്ച് പൂജിക്കുന്നു. തുടർന്ന് ഒരുക്കി നിർത്തിയ കാളകളും കലപ്പകളുമായി ആർപ്പുവിളികളോടെ വയലിലേക്ക് ഇറങ്ങും. ആദ്യം തെക്കു നിന്നും വടക്കോട്ടേക്ക് നിലമുഴുതു തുടങ്ങും. ഇതാണ് 'വിഷുപ്പൂട്ട്' അഥവാ 'വിഷുച്ചാലുകീറൽ'. തുടർന്ന് വയലോരത്ത്കൂടി നിൽക്കുന്നവരുടെ അനുവാദം ചോദിച്ച് ഭൂവുടമ ഒരു പിടി വിത്ത് വയലിൽ വിതറും, പിന്നാലെ പണിക്കാരും . ഇതാണ് 'വിഷുവിത'എന്നറിയപ്പെട്ടത്.

4. വിഷുഫലവും വിഷുച്ചാർത്തും

മുൻകാലങ്ങളിൽഗ്രാമത്തിലെ ജോൽസ്യൻ വിഷു സംക്രാന്തി ദിനത്തിൽ വീടുകളിൽ ചെന്ന് വരുന്ന ഒരു വർഷത്തേക്കുള്ള ഫലം ഗണിച്ച് പറഞ്ഞറിയിക്കുന്ന രീതിയുണ്ടായിരുന്നു. ഇതിന് 'വിഷുഫലം' എന്നായിരുന്നു പറഞ്ഞിരുന്നത്. ആ വർഷത്തെ മഴയുടെ ഏറ്റക്കുറച്ചിലുകളും കൃഷിയുടെ അവസ്ഥയുമൊക്കെയാണ് ഗണിച്ച് പറയുന്നത്.

ഗണനഫലവും ദോഷങ്ങൾ തീർക്കുവാനുള്ള പൂജാ - വഴിപാട് വിവരങ്ങളും ഒരു പനയോലയിലോ കടലാസിലോ കുറിച്ച് കുടുംബനാഥന് നൽകുന്നു. ഇതിനെ 'വിഷുച്ചാർത്ത്' എന്നു പറയുന്നു. ഇത് പൂജാമുറിയിൽ സൂക്ഷിക്കണം എന്നാണ് വ്യവസ്ഥ. ചാർത്ത് കൈപ്പറ്റുമ്പോൾ കുടുംബനാഥൻ ജോൽസ്യന് ദക്ഷിണ നൽകും.

5. വിഷുപ്പടി

വിഷുദിനത്തിൽ രാവിലെ ഭൂവുടമയുടെ വയൽപ്പണിക്കാർ , പറമ്പു കിളയ്ക്കുന്നവർ തെങ്ങുകയറുന്നവർ, തലമുടി വെട്ടുന്നവർ തുടങ്ങിയവർ വിഷുദിനത്തിൽ ഭൂവുടമയുടെ വീട്ടിലെത്തും. തുടർന്ന് ഭൂവുടമ / ഗൃഹനാഥൻ ഇവർക്കെല്ലാം പണം സമ്മാനമായി നൽകും. ഇതാണ് വിഷുപ്പടിയെന്നറിപ്പെടുന്നത്.

6. വിഷുപ്പക്ഷി

വിഷുക്കാലമാകുമ്പോൾ വിഷുവിന്റെ വരവ് അറിയിക്കുവാനെന്ന രീതിയിൽ പ്രത്യേക ശബ്ദം ഉച്ചത്തിൽ പുറപ്പെടുവിക്കുന്ന കുയിൽ വർഗ്ഗത്തിൽ പെട്ട പക്ഷിയാണ് വിഷുപ്പക്ഷി എന്നറിയപ്പെടുന്നത്. വിഷുവിന്റെ കാലത്ത് സാന്നിധ്യമറിയിക്കുന്നതുകൊണ്ടാണ് ഈ പേര് കിട്ടിയത്. 'ചക്കയ്ക്കുപ്പുണ്ടോ' 'വിത്തും കൈക്കോട്ടും', 'അച്ഛൻ കൊമ്പത്ത്' എന്നിങ്ങനെ തോന്നിപ്പിക്കുന്ന രീതിയിലാണ് ഈ പക്ഷി ശബ്ദമുണ്ടാക്കുന്നത്. ഉത്തരായണക്കിളി, കതിരു കാണാക്കിളി എന്നിങ്ങനെയുള്ള പ്രാദേശിക നാമങ്ങളിൽ അറിയപ്പെടുന്ന ഈ പക്ഷിയെ ഇംഗ്ലീഷിൽ ഇന്ത്യൻ കുക്കു (Indian Cuckoo) എന്നാണ് വിളിക്കുന്നത്.

മാർച്ച് മാസം പകുതിയോടെയാണ് വിഷുപക്ഷികൾ ഗ്രാമങ്ങളിലെത്തുന്നത്. ഉയരമുള്ള മരങ്ങളിലിരുന്ന് ശബ്ദിക്കുന്ന ഇവയെ പെട്ടെന്ന് കാണാൻ കഴിയില്ലെങ്കിലും അവയുടെ ശബ്ദം മലയാളിക്ക് വിഷുവിന്റെ പ്രതീകമായ പാട്ടാണ്. പ്ലാവുകളിൽ വിളയുന്ന ചക്ക പറിച്ച് വിഭവങ്ങളുണ്ടാക്കുന്ന വിഷുക്കാലത്താണ് 'ചക്കയ്ക്കുപ്പുണ്ടോ' എന്ന ശബ്ദത്തിൽ വിഷുപ്പക്ഷി ചിലയ്ക്കുന്നതെന്നത് കൗതുകകരമാണ്. അതുപോലെ വിത്തിറക്കലിന്റെ ഉൽസവമായ വിഷുക്കാലത്ത് കേൾക്കുന്ന 'വിത്തും കൈക്കോട്ടും' എന്ന കിളിനാദവും വിഷുവിന്റെ ശബ്ദ പ്രതീകമായി മാറുന്നു .

7. വിഷുപ്പടക്കം

വിനോദത്തിനോ ആചാരപരമായ ആഘോഷത്തിനോ വേണ്ടി നിർമ്മിച്ച് ചെറിയ ശബ്ദത്തിൽ പൊട്ടിത്തെറിക്കുന്ന സ്ഫോടക വസ്തുക്കളാണ് പടക്കങ്ങൾ. 'പടാക്ക' എന്ന ഹിന്ദി പദത്തിൽ നിന്നാണ് പടക്കം എന്ന വാക്കിന്റെ ഉൽഭവം. പടക്കങ്ങൾ മുഖ്യമായും രണ്ടു തരത്തിലുണ്ട് - പൊട്ടി ഉഗ്രശബ്ദം പുറപ്പെടുവിക്കുന്നവയും വർണ്ണങ്ങൾ വിതറുന്നവയും.

കേരളത്തിലെ വിഷു ആഘോഷത്തിന്റെ പ്രധാന ചടങ്ങുകളിലൊന്നാണ് പടക്കം പൊട്ടിക്കൽ. പൊട്ടുന്ന പടക്കങ്ങൾ കൂടാതെ വർണ്ണങ്ങൾ വാരിവിതറുന്ന പൂക്കുറ്റികൾ, ചക്രങ്ങൾ, പൂത്തിരികൾ, മത്താപ്പുകൾ എന്നിവയും പ്രയോഗിക്കപ്പെടുന്നു. വിഷുദിനത്തിന്റെ തലേന്ന് സന്ധ്യയ്ക്കു ശേഷവും വിഷുദിനത്തിൽ പുലർച്ചെ കണി കണ്ടതിനു ശേഷവുമാണ് മുഖ്യമായും പടക്കം പൊട്ടിക്കുന്നത്. വീട്ടിലെ മുതിർന്നവരും കുട്ടികളുമെല്ലാം തന്നെ ഇതിൽ പങ്കു ചേരുന്നു.

(തുടരും)

SCAN to download previous editions of Hydel bullet

The Chief Editor
Hydel Bullet
KSEB Engineers' Association,
Panavila
Thiruvananthapuram - 695001
Phone : 0471 - 2330696
hydelbulletin@gmail.com
Mob : 7012117197, 9495600714

വീക്ഷണം

'സർക്കാർ ഉദ്യോഗസ്ഥരും ശമ്പളവും....'

Er Vivek V.S.
Assistant Engineer

സർക്കാർ ഉദ്യോഗസ്ഥരെ, തങ്ങളുടെ ടാക്സ് പൈസ കൊണ്ട് ജീവിക്കുന്നവർ, തങ്ങളുടെ പണം കൊണ്ട് സുഖിക്കുന്നവർ എന്നൊക്കെ പറഞ്ഞ് ആക്ഷേപിക്കുന്ന ഒരു പൊതു പ്രവണത ഈയിടെ കാണുന്നുണ്ട്. ഈ വിഷയത്തിൽ, വസ്തുത മനസ്സിലാക്കാൻ താല്പര്യമുള്ളവർക്കു വേണ്ടിയുള്ള കുറിപ്പാണിത്.

എന്താണ് സർക്കാർ എന്നതിനെക്കുറിച്ച് ആദ്യം ഒരു വിശദീകരണം ആവാം. കേരളത്തിലെ ഗവർണറും മുഖ്യമന്ത്രിയും ഉൾപ്പെടെയുള്ള, എംഎൽഎമാരും, ഹൈക്കോടതി ജഡ്ജിമാരും ഉൾപ്പെടെയുള്ള ആളുകൾ മാത്രമാണ് സർക്കാർ എന്ന ഒരു തെറ്റിദ്ധാരണ പൊതുജനങ്ങൾക്കിടയിൽ ഉണ്ട്. പത്തോ 200 പേർ വരുന്ന ഈ ഒരു നേതൃത്വം മാത്രമല്ല കേരളത്തിലെ സർക്കാർ, ഏത് സ്ഥലത്തെയും സർക്കാർ..

ഈ നേതൃത്വ നിരയിലുള്ള 200 ഓളം പേരും, അവർ എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കാനുള്ള, സംവിധാനമാണ് സർക്കാർ. മന്ത്രിസഭ ഒരു തീരുമാനമെടുത്തിട്ട് അത് നടപ്പാക്കാൻ ആരുമില്ലെങ്കിൽ, ആ കാര്യം ഒരിക്കലും നടപ്പാക്കാൻ കഴിയില്ല എന്നുള്ളത്, സാമാന്യ ബുദ്ധിയുള്ള ആർക്കും ചിന്തിച്ചാൽ മനസ്സിലാക്കാവുന്നതേയുള്ളൂ. സർക്കാർ നേതൃത്വത്തിന്റെ തീരുമാനങ്ങൾ, സർക്കാരിന്റെ തീരുമാനമാക്കി ജനങ്ങളിലേക്ക് എത്തിക്കുന്ന ബൃഹത്തായ ഒരു ശൃംഖലയാണ് സിവിൽ സർവീസ്, അഥവാ സർക്കാർ ഉദ്യോഗസ്ഥരുടെ സംഘം.

ഏകദേശം 5 ലക്ഷത്തോളം വരുന്ന സർക്കാർ ഉദ്യോഗസ്ഥർ ചെയ്യുന്ന പ്രവർത്തികൾ എന്തൊക്കെയാണെന്ന് നമുക്ക് നോക്കാം.

ഏകദേശം 50000 വരുന്ന പോലീസുദ്യോഗസ്ഥർ ഉള്ളതുകൊണ്ടാണ് നിങ്ങൾ മനസ്സമാധാനത്തിൽ ജീവിക്കുന്നത്. പോലീസ് ഫോഴ്സ് ഉള്ളതുകൊണ്ടാണ്, അങ്ങനെ നിങ്ങളുടെ വസ്തു നിങ്ങളെക്കാൾ കായിക ശക്തിയും സാമ്പത്തിക ശക്തിയും ഉള്ള ഒരാൾ കയ്യേറാത്തത്, നമ്മുടെ കുട്ടികളെ സാമൂഹ്യവിരുദ്ധർ ഉപദ്രവിക്കാൻ ശ്രമിക്കുന്നതിനു മുമ്പ് രണ്ടാമതൊന്ന് ചിന്തിക്കുന്നത്.. ഈ ഡിപ്പാർട്ട്മെന്റ് ഒഴിച്ച് നിർത്തി സർക്കാർ എന്ന സംവിധാനമേ ഉണ്ടാവില്ല. നമ്മൾ തന്നെ പിടിവിട്ട് നമ്മളെ സംരക്ഷിക്കാൻ ഏർപ്പാടാക്കുന്ന, നല്ല കൈ കരുത്തുള്ള ആളുകളാണ് നമ്മുടെ പോലീസ് ഫോഴ്സ്.

രണ്ടാമത്തെ വലിയൊരു സംഖ്യ, അദ്ധ്യാപകരുടേതാണ്. സർക്കാർ അദ്ധ്യാപകൻ നിങ്ങൾ പ്രൈവറ്റ് സ്കൂളിൽ കുട്ടികളെ പഠിപ്പിക്കേണ്ടിവരും. അവർ പറയുന്ന ഫീസ് കൊടുക്കേണ്ടി വരും. എട്ടാം ക്ലാസ്സിൽ പഠിക്കുന്ന എന്റെ മകനുവേണ്ടി, ഞാൻ ചിലവഴിച്ചത് നിസ്സാര തുകയാണ്. ഞാൻ ഇംഗ്ലീഷ് മീഡിയം പ്രൈവറ്റ് സ്കൂളിൽ പഠിച്ച ആ സൗകര്യങ്ങളൊക്കെ കണ്ടറിഞ്ഞ ആളാണ്. ഒരു സർക്കാർ സ്കൂളിനേക്കാൾ യാതൊരു രീതിയിലും യാതൊരു മെച്ചവും അവിടെ ഞാൻ കണ്ടിട്ടില്ല. രണ്ട് സമ്പ്രദായത്തിലും കൃത്യമായി പഠിച്ച ആൾ ആയതുകൊണ്ട്, എനിക്ക് വ്യക്തമായി പറയാൻ കഴിയും. അതിൽ ഒന്നാമത്തെ കാരണം സർക്കാർ ജോലി കിട്ടി വരുന്ന ആളുകൾ മത്സരപരീക്ഷ

വിജയിച്ച് വന്നവരാണ് എന്നതുകൊണ്ടാണ്. മിടുക്കർ ആണ് നിങ്ങ ളുടെ സ്കൂളിൽ കുട്ടികളെ പഠിപ്പിക്കുന്നത്.

നിങ്ങൾക്ക് പരിക്കുപറ്റി മെഡിക്കൽ കോളേജിൽ പോയാൽ, നിങ്ങളെ ചികിത്സി ക്കാനുള്ള ഡോക്ടർമാരുടെ സംഘം, അതും നമ്മുടെ സർക്കാരിന്റെ ഭാഗമാണ്. നിങ്ങളുടെ വീട്ടിൽ തീപിടുത്തമുണ്ടായാൽ, അണയ് ക്കേണ്ട ഫയർഫോഴ്സ് സർക്കാരിന്റെ ഭാഗ മാണ്. നിങ്ങൾ വാങ്ങിച്ച ഭൂമിയുടെ രേഖകൾ സൂക്ഷിക്കുന്നത് റവന്യൂ വകുപ്പാണ്, നിങ്ങൾക്ക് സർക്കാരിൽ നിന്നും കിട്ടേണ്ട ആനുകൂല്യ ങ്ങൾക്ക് നിങ്ങൾ ശരിക്കും അർഹതയുണ്ടോ എന്ന് കെട്ടിപ്പെടുത്തുന്ന വകുപ്പും റവന്യൂ വകു പ്പാണ്. വകുപ്പുകളിൽ ഏറ്റവും സൂപ്പർവകുപ്പ് എന്ന് എനിക്ക് തോന്നിയത് റവന്യൂ വകുപ്പാണ്. ഓരോ വില്ലേജിലെയും ഒരു മിനി സെക്രട്ടറി യേറ്റ് ആണ് ഒരു വില്ലേജ് ഓഫീസ്. നിങ്ങൾക്ക് സഞ്ചരിക്കാനുള്ള റോഡുകൾ ഉണ്ടാക്കുന്ന വകുപ്പാണ് പിഡബ്ല്യുഡി വകുപ്പ്. റോഡ് ഇല്ലാതെ എന്ത് നാട്. നിങ്ങളുടെ നിരത്തുകൾ വൃത്തിയാക്കി സൂക്ഷിക്കാനും, നിങ്ങളുടെ നാട്ടിലെ സർക്കാർ ഹോസ്പിറ്റലുകൾ നടത്താനും തുടങ്ങിയ അനേകം സേവനങ്ങൾ തരുന്ന ഒരു സർവീസ് ആണ് പഞ്ചായത്ത് വകുപ്പ്.

വ്യക്തിപരമായി നമുക്ക് നേരിട്ട് പരിചയ മില്ലാത്ത ഒരു വകുപ്പ് അനാവശ്യ വകുപ്പായി പല ആളുകൾക്കും തോന്നുന്നത് സ്വാഭാവി കമാണ്. ഉദാഹരണത്തിന് സാധാരണ ആളുകൾ അധികം ഒന്നും ബന്ധപ്പെടാത്ത ഒരു വകുപ്പ്. എന്നാൽ ആ വകുപ്പുമായി ബന്ധപ്പെട്ട വലിയ ഒരു ജനവിഭാഗം ഉണ്ട് എന്നുള്ളത് വസ്തുതയാണ്... ഫിഷറീസ് വകുപ്പിന്റെ അല്ലെങ്കിൽ തുറമുഖ വകുപ്പിന്റെ ആവശ്യം എന്താണെന്ന്, മലയോര പ്രദേശത്തുള്ള ഒരാൾക്ക് മനസ്സിലാകണമെന്നില്ല. തീരദേശ ത്തുള്ളവർക്ക് കൃത്യമായി അതിനെക്കുറിച്ച് അറിയാം..

വൈദ്യുതി ഇല്ലാതെ നിങ്ങൾക്ക് ജീവിക്കാൻ കഴിയുമോ, തീരെ കഴിവില്ലാത്ത വരാണ് വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥ രെങ്കിൽ നിങ്ങൾക്ക് തടസ്സമില്ലാതെ എപ്പോഴെ ങ്കിലും വൈദ്യുതി കിട്ടുമോ. ഇപ്പോൾ അഞ്ച് മിനിറ്റ് വൈദ്യുതി തടസ്സമുണ്ടെങ്കിൽ, കഴിവില്ലാ ത്തവർ അവിടെ കയറിയാൽ അത് അഞ്ചുമണി ക്കൂറായി കൂടാം.

ഇതുപോലെ കേരളത്തിലുള്ള അസംഖ്യ വകുപ്പുകൾ ഒന്നു പോലും വെറുതെ ഉണ്ടാക്കി യതല്ല. ഏതെങ്കിലും പ്രത്യേക ജനവിഭാഗ ത്തിന് സേവനങ്ങൾ നൽകാനാണ് ഓരോ വകുപ്പ് ഉള്ളത്. നമ്മുടെ ചെറിയ അറിവിൽ അനാവശ്യം എന്ന് തോന്നുന്നത്, കേരളം എന്ന കാനഡയെക്കാളും ഓസ്ട്രേലിയയെ ക്കാളും ഒക്കെ ജനസംഖ്യയുള്ള ഒരു പ്രദേ ശത്ത്, ഏതെങ്കിലും രീതിയിൽ പ്രസക്ത മായത് മാത്രമേയുള്ളൂ. അതായത് സർക്കാ രിന്റെ ഒരു വകുപ്പുപോലും അനാവശ്യമായ തല്ല എന്നുള്ളതാണ് ശരിയായ വസ്തുത. നമുക്ക് നേരിട്ട് പരിചയമില്ലാത്തത്, ആവശ്യ മില്ലാത്തത് എന്ന് തോന്നുന്നത് യുക്തിപരമല്ല. അങ്ങനെ തോന്നുന്നുണ്ടെങ്കിൽ തീർച്ചയായും നിങ്ങൾക്ക് അന്വേഷിക്കാനുള്ള അവകാശ മുണ്ട്.

ഉദ്യോഗസ്ഥർക്ക് കൂടുതൽ ശമ്പളം കൊടു ക്കുന്നു എന്നുള്ളതൊക്കെ വെറും ഒരു തോന്ന ലാണ്. എങ്കിലും ഉദ്യോഗസ്ഥർക്ക് ശരാശരി യിലും മികച്ച ശമ്പളം ഉണ്ടെന്നുള്ളത് വസ്തുത തന്നെയാണ്. ഇത് വെറുതെ കൊടു ക്കുന്നതല്ല, അതിന് പ്രത്യേക ഒരു കാര്യമുണ്ട്. കുറഞ്ഞ ശമ്പളത്തിൽ ജോലി ചെയ്യാം, ഞങ്ങൾ റെഡി, എന്നൊക്കെ വീമ്പ് പറയുന്ന പല ആളുകളും ഉണ്ട്. ഇതിൽ യാതൊരു വസ്തുതയുമില്ല. കാരണം യഥാർത്ഥ യോഗ്യ തയുള്ളവർ അങ്ങനെ പറയില്ല. ഉദാഹരണ ത്തിന് എന്നെ കളക്ടർ ആക്കിയാൽ ഒരു രൂപ പോലും വാങ്ങാതെ ഞാൻ ജോലി ചെയ്യും, ശമ്പളം വേണ്ട എന്ന് പറഞ്ഞതുകൊണ്ട്

പക്ഷേ ഒരു കളക്ടർ സ്ഥാനം എനിക്ക് ആരും തരാൻ പോകുന്നില്ല, കാരണം എനിക്ക് അതിനുള്ള യോഗ്യതയില്ല. അപ്പോൾ ആ ഒരു വീരവാദത്തിന് യാതൊരു കാര്യവുമില്ല. പിഎസ്‌സി പരീക്ഷ പാസായി ലക്ഷക്കണക്കിന് ആളുകളെ തോൽപ്പിച്ചശേഷം ഈ വീരവാദം ഉന്നയിച്ചാൽ അതിൽ ചില കാര്യങ്ങളുണ്ട്. രണ്ടാമത്തെ കാര്യം, ശമ്പളം കുറച്ചാലും പിഎസ്സി പരീക്ഷ നടത്തിയാൽ ആളുകൾ തീർച്ചയായും ഉണ്ടാവും, പക്ഷേ അതിൽ ഒരു പ്രശ്നമുണ്ട്. തീരെ ശമ്പളം കുറഞ്ഞാൽ കഴിവുണ്ട് എന്ന് തോന്നുന്ന ആരെങ്കിലും ഈ പണിക്ക് നിൽക്കുമോ.

പഴയകാലത്ത്, അതായത് ഒരു 90കൾക്ക് മുൻപ്, കേരളത്തിലെ സിവിൽ സർവീസ് കിട്ടിയിരുന്നത് ഏറ്റവും മികച്ച കുട്ടികൾക്ക് തന്നെയാണ്. ഇപ്പോൾ തീർച്ചയായും അങ്ങനെ ഒരു അവകാശവാദം പറയാൻ കഴിയില്ല. കാരണം മികച്ച കഴിവുള്ള കുട്ടികൾ മികച്ച ശമ്പളവും ആനുകൂല്യങ്ങളും കിട്ടുന്ന ജോലിയിലേക്ക് പോയിട്ടുണ്ടാവും. അപ്പോൾ ഈ ശമ്പളത്തിന് ജോലി ചെയ്യാൻ തയ്യാറാവുന്ന ഏറ്റവും മികച്ചവരെയാണ് പിഎസ്‌സി പരീക്ഷയിലൂടെ നമ്മൾ തിരഞ്ഞെടുക്കുന്നത്..

അപ്പോൾ ശമ്പളം കുറച്ചാൽ, കഷ്ടിച്ച് പാസായ ഒരു ഡോക്ടറായിരിക്കും നിങ്ങളുടെ മകനെ നാളെ മെഡിക്കൽ കോളേജിൽ ഓപ്പറേറ്റ് ചെയ്യുന്നത്. കഷ്ടിച്ചു പാസായ ഒരു അധ്യാപകനാണോ നിങ്ങളുടെ മകളെ പഠിപ്പിക്കേണ്ടത്? നിങ്ങൾ ബസ്സിൽ പോകുമ്പോൾ, കടന്നുപോകുന്ന പാലം ഉണ്ടാക്കേണ്ടത്, ഒരു വിവരവുമില്ലാത്ത പിഡബ്ല്യുഡി എൻജിനീയർ ആണോ, ശാരീരിക ശേഷിയില്ലാത്ത, ബുദ്ധിയില്ലാത്ത വ്യക്തികളെയാണോ പോലീസുകാരായി നിയമിച്ച് നിങ്ങളുടെ സുരക്ഷ ഉറപ്പാക്കേണ്ടത്? സ്വന്തം പേന പോലും മര്യാദക്ക് തപ്പിയെടുക്കാൻ കഴിയാത്തവൻ ആണോ കൊലക്കേസ് അന്വേഷിക്കേണ്ടത്? ഓരോ കാര്യത്തിലും ഏറ്റവും മികച്ചവരെ കിട്ടണമെങ്കിൽ മികച്ച ശമ്പളം കൊടുക്കണം.

തീർച്ചയായും ഇതിലും ശമ്പളം ഗവൺമെന്റ് ഓഫർ ചെയ്തിരുന്നെങ്കിൽ , ഇപ്പോൾ ഉള്ളതിനേക്കാൾ മികച്ച ആളുകളാണ് സർവീസിൽ ഉണ്ടാവുക. അതായത്, ഈ സർവീസ് കൂടുതൽ ആനുകൂല്യങ്ങൾ കൊണ്ട് ആകർഷണമാക്കിയാൽ ജനങ്ങൾക്ക് കൂടുതൽ മികച്ച സേവനങ്ങൾ കിട്ടും. ഇതാണ് അതിന്റെ യുക്തി.

കേരളത്തിലെ സർക്കാർ ഉദ്യോഗസ്ഥർ, ഒരു വ്യക്തിയുടെയും സേവകരല്ല. നിങ്ങളുടെ പണംകൊണ്ട് ജീവിക്കുന്നവരുമല്ല. പൊതുജനത്തിന്റെ സേവകർ എന്നാൽ ഒരു വ്യക്തിയുടെ സേവകൻ എന്നല്ല അർത്ഥം. അത് രണ്ടും രണ്ടു കാര്യങ്ങളാണ്. ഗവൺമെന്റ് ഉദ്യോഗം കിട്ടി എന്നുള്ളതുകൊണ്ട് മറ്റ് പൊതുജനങ്ങളെക്കാൾ താഴെയാണ് എന്നുള്ള ചിന്തയും വേണ്ട. നിങ്ങൾ കൊടുക്കുന്ന ടാക്സ് ഗവൺമെന്റ് ഉദ്യോഗസ്ഥരും കൊടുക്കു ന്നുണ്ട്. എല്ലാവരും മറ്റുള്ളവർക്ക് എന്തെങ്കിലും സേവനമോ, വസ്തുക്കളോ, ജോലിയോ നൽകിയിട്ടാണ് ജീവിക്കാനുള്ള വരുമാനം ഉണ്ടാക്കുന്നത്. കച്ചവടക്കാരൻ ഉണ്ടാക്കുന്ന പൈസ പൊതുജനങ്ങളുടെ കൈയിൽ നിന്നും കിട്ടുന്ന ലാഭവിഹിതമാണ്.

ഏത് തൊഴിൽ ചെയ്യുന്നവരും സമ്പാദിക്കുന്നത് മറ്റുള്ളവരുടെ പൈസക്ക് പകരം അവരുടെ തൊഴിൽ നൽകിയിട്ടാണ്. നിങ്ങൾ കൂലി കൊടുക്കുന്നത് നിങ്ങളുടെ ഔദാര്യമല്ല എന്നർത്ഥം. നിങ്ങൾക്ക് സേവനം കിട്ടണമെങ്കിൽ തിരിച്ചു കൊടുക്കുന്ന ഒരു കാര്യമാണ് കൂലി അഥവാ ശമ്പളം. കള്ളക്ക ടത്തുകാരന്റെ വീട്ടിൽ പെയിൻറ് അടിച്ചാൽ കിട്ടുന്ന ശമ്പളം കള്ളക്കടത്തിന്റെ പങ്ക് എന്ന് ആരും പറയില്ല. അതുപോലെ ടാക്സിന്റെ പങ്ക് ആണ് ഗവൺമെൻറ് ഉദ്യോഗസ്ഥരുടെ ശമ്പളം എന്നും പറയാൻ കഴിയില്ല. ഒരു ഉദ്യോഗസ്ഥൻ

ചെയ്യുന്ന ജോലിക്ക് കിട്ടുന്ന കൂലിയാണ് ശമ്പളം. കൂലി കൊടുക്കാൻ ഉണ്ടാക്കുന്ന ശേഷി എങ്ങനെ ഉണ്ടാക്കുന്നു എന്നുള്ളത് യാതൊരു പ്രസക്തിയും ഉള്ളതല്ല.

അതായത് ഗവൺമെന്റ് തീരുമാനങ്ങൾ നടപ്പാക്കുന്നത് ഗവൺമെന്റ് ഉദ്യോഗസ്ഥർ എന്ന വലിയ സംഘത്തിലൂടെയാണ്. അവർക്ക് മികച്ച സേവന സൗകര്യങ്ങൾ നൽകിയില്ലെങ്കിൽ അയോഗ്യരായ ആളുകളായിരിക്കും, ആ സ്ഥാനങ്ങളിൽ കയറിയിരിക്കുന്നത്. അപ്പോൾ മികച്ച ഉദ്യോഗസ്ഥർ ജോലിയിൽ കയറേണ്ടത് പൊതുജന താല്പര്യപ്രകാരമാണ്; സംസ്ഥാനത്തിന്റെ താൽപര്യപ്രകാരമാണ് എന്ന് ചുരുക്കം !

Er L. Janardhanan Memorial Award 2024

Sl. No	Name of Student	Name of Member	Name of Unit
1.	Bilal Ahamed T.P.	Er Hyderali T.P.	MLPM
2.	Fathima Zarin	Er Mujaeeb A.K.	MVPA
3.	Neha Mariyam Mathew	Er Mathewkutty George	KTM
4.	Agna Theres Bijoy T.	Er Bijoy Antony T.	PLKD
5.	Maria Damin	Er Damin John	MVPA
6.	Mikhil P Dennis	Er Dennis Joseph T.	Idukki
7.	Edwin Joshy Chittilappilly	Er Joshy P. Chittilappilly	Thrissur
8.	Keerthi K.	Er Soman K.	PLKD

Er U Chandu Nair Memorial Award 2024

Sl. No	Name of Student	Name of Member	Name of Unit
1.	Annmariya	Er Mimtha John C.	Thrissur

Er AR Sreedhara Panickar Endowment Award 2024

Sl. No	Name of Student	Name of Member	Name of Unit
1	M Gowrinath	Er Manoj Gopal L	KTM
2	Achyuth Sankar F	Er Jayasankar	MVPA
3	Johaan Dany Solomon	Er Sheela M Daniel	TVPM
4	Pranav Rajesh	Er Dhannya.R	TVPM
5	Neha Arun.T	Er AJITHA.V	PLKD
6	Darsana Arun	Er Neelam Chandran	KANNUR
7	Niveth Krishna U.	Er Sunitha UNNI	TVPM
8	Alok V.A.	Er Divya Ramdas	IDUKKI
9	Kevin Jomon	Er Jomon Sebastiam	CPM
10	Alvin Salil	Er Salil P.C.	TRISSUR

Energy Briefs 6

Er Subha T.G.
Assistant Executive Engineer

Smart Meters Alone Can't Fix Our Problems: Why We Need a New Approach to Consumption Data

In the age of increasing electrification—homes, businesses, and industrial facilities replacing fossil fuels with electricity as direct energy sources—we need more and better data to support customer-centric load flexibility. Whether capturing time-of-use data from the surging demand of new EV owners, understanding what the impact will be of heating electrification on both the electric and gas systems, or accessing real-time peak usage data to support load flexibility, timely and granular consumption data is more essential than ever. On the customer side, it's also time to finally ensure that everyone—especially people in disadvantaged communities and low-to-moderate income (LMI) consumers—are equitably empowered with timely information and insights to make more effective choices and have increased certainty about their utility use and what it's costing them.

To enable improved demand management and more deeply engage utility customers as partners in a transformation to a cleaner, more efficient world, electric and gas utilities need timely access to granular consumption data. To that end, and to streamline operations, utilities have collectively invested billions of dollars in replacing traditional analog meters with automated meter reading (AMR) and advanced meter infrastructure (AMI) meters that transmit granular usage data directly to the utility. In fact, although AMI installations have helped utilities reduce their operating costs and risks by eliminating the need for manual meter reading and reducing the number of truck rolls required for service calls, the costs of meter upgrades have typically fallen on customers, contributing to higher rates and resulting monthly bills.

Unfortunately, meter technology has historically been stuck in an outdated framework where utilities sold essential services to “ratepayers” with a focus on one-way communications. As a result, despite efforts like Green Button (which aimed to provide customers with increased transparency into their electricity consumption) and a growing focus from many utilities on rolling out new time-of-use rate structures, most consumers across the U.S. still lack basic access to timely consumption data that would help them make more informed decisions about their consumption.

The latest generation of smart meters—sometimes called AMI 2.0—aims to solve some of the problems typically associated with the technology, particularly with regards to customer engagement and management of distributed energy resources (DERs). The problem is that they still often use proprietary elements in their communications networks that can effectively lock utilities into single-vendor ecosystems, and the new meters are adding a tremendous amount of computing power into each meter for the nominal goal of providing “grid-edge” analysis. And while some customers may potentially be able to access more timely data, utilities in many cases still won’t be able to access data across their territory until the next day.

AMx, is a strategic approach to utility consumption data that uses modern technology to quickly unlock new insight and value from existing infrastructure investments (whether AMR or AMI). This approach enables utilities to take a more moderate, technology-agnostic approach to meter replacements while deploying whatever technology or vendor is best able to meet their goals, and it prioritizes analyzing data in the cloud rather than in the meter to keep costs down and support continuous innovation. Perhaps more importantly, it allows customers to finally get the long-touted benefits of timely, granular consumption data without having to wait for years as new hardware is deployed.

Courtesy : Economic Times

exicom
FLUKE
Greens Agro
UNITECH

KSEB ENGINEERS' ASSOCIATION
Hydel Bullet Monthly
RNI Reg. No. KERENG/2013/48628

Price ₹ 10
Postal Reg. No. KL/TV(N)/645/2022-2024
Date of Publication 03.07.2024

Edited, Printed & Published by Er Rajesh D.S., Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01, Ph:0471-2330696, Email: hydelbulletin@gmail.com, Web: ksebea.in at Bhagath Printers, Pattom, Trivandrum - 4 , Mob : 8138 91 81 91, bhagathprinters@gmail.com

For private circulation only